# വെള്ളിപ്പൂക്കൾ



T61
M32

T61
M32

ജോസഫ് മാൻവെട്ടം.

# വെള്ളിപ്പൂക്കൾ

★

ഗ്രന്ഥകർത്താവ്.

ജോസഫ് മാൻവെട്ടം.

DHARMARAM COLLEGE LIBRARY, BANGALORE.
19398
T61
M32

★

സെപ്റ്റംബർ—

1965

വില 75 പൈസ

ഒന്നാം പതിപ്പ്
കോപ്പി— 1000

വില 75 നp.

പകർപ്പവകാശം
ഗ്രന്ഥകർത്താവിന്

അച്ചടി
ഗുഡ് ഹോപ്പ് പ്രിന്റേഴ്സ്,
കോട്ടയം.

# വിഷയസൂചിക.

1 പുഞ്ചിരി

2 ഗുരുവും ശിഷ്യരും

3 കെടാവിളക്ക്

4 ആ ചുംബനം

5 കർഷകൻ

6 കരഞ്ഞ കുരിശുരൂപം

7 ധ്യാനമാണാശ്രയം

8 ജീവിതം

9 ശിമോൻെറ കണ്ണുനീർ

10 മൃതിയിൽ

11 അക്ഷയഗാത്രം

12 വാഴയുടെ ആത്മകഥ

13 വി: അന്തോനീസും മത്സ്യങ്ങളും

14 തിരുവോണം

15 ലോകമേ ചിന്തിക്ക നീ!

# സമർപ്പണം.

എന്റെ നേരെ ഇളയ സോദരനും
"പൈലി" എന്ന നാമധാരിയും

ഇഹത്തിൽ ആറു മാസം മാത്രം ഞങ്ങളോടൊന്നിച്ചു് ജീവിച്ചു് ലോകമായാതലങ്ങളിൽ ഉൾപ്പെടാതെ, 1917 ജൂലൈ 28-ാം തീയതി നിത്യാനന്ദഭാഗ്യം പ്രാപിക്കുകയും ചെയ്ത ആ പിഞ്ചുമാടപ്രാവിന്റെ ഓർമ്മയുടെ മുൻപിൽ എന്റെ ദ്വിതീയ കൃതിയാകുന്ന "വെള്ളിപ്പൂക്കൾ"
സ്നേഹപൂർവ്വം സമർപ്പിക്കുന്നു!

ഗ്രന്ഥകർത്താവു്.

# മുഖവുര

എന്തിനു കവിത എഴുതുന്നു? ഇതുകൊണ്ടു എന്തു പ്രയോജനം? ഇതു ധനാഗമമാർഗ്ഗമാണോ? ഇതുകൂടാതെ മററു തൊഴിലുകൾ എന്തെങ്കിലും നോക്കരുതോ? ഇപ്രകാരം എന്നോടു ചോദിക്കുന്നവരാണു അധികം. വിരോധം കൊണ്ടല്ല! എന്നോടുള്ള അതിയായ സ്നേഹം മൂലമാണു ഈ ചോദ്യങ്ങൾ! ഇതിനാൽ എനിക്കു അവരോടു ആദ്യമായി ചില സമാധാനം പറയേണ്ടിയിരിക്കുന്നു!

എന്തെന്നാൽ കരുണാനിധിയായ ദൈവം തൻെറ സൃഷ്ടികൾക്കു പലേവിധത്തിലുള്ള അനുഗ്രഹങ്ങളും ദാനങ്ങളും വാസനകളും നൽകാറുണ്ടു. അതിലൊന്നാണു ചിലർക്കു കവിത എഴുതുവാൻ നൽകുന്ന വാസന. ആ വാസന അവിടുന്നു എനിക്കും നൽകി. അതിനാൽ ഞാൻ കവിത എഴുതുന്നു. എന്നാൽ ഇതുമാത്രം മതിയോ? കവിത എഴുതുവാൻ. പോരാ! കവിത എഴുതുന്ന ഭാഷയിൽ ഒരാൾക്കു അതിയായ പാണ്ഡിത്യവും ഗ്രന്ഥപരിചയവും പദങ്ങളെ ആശയസംപുഷ്ടമായും സുലഭമായും, അലങ്കാരമാർഗ്ഗേണ കൈകാര്യം ചെയ്യുവാനുമുള്ള കഴിവും പൊതുവിജ്ഞാനപാടവവും, ഉണ്ടായിരിക്കണം. എന്നാൽ ഇതെല്ലാം തികഞ്ഞവനാണെങ്കിലും ഒരാൾക്കു മുൻപറഞ്ഞ കവിഹൃദയംകൂടി കിട്ടിയില്ലെങ്കിൽ കവിത എഴ

തുകയുമില്ല, കവിയാകുകയുമില്ല. ഒരു നല്ലം തികഞ്ഞ പണ്ഡിതനായി തീരാൻ സാധിക്കുമെന്നു് അനേക മഹാന്മാരുടെ അനുഭവം നമ്മെ വിളിച്ചറിയിക്കുന്നു. ഇതുതന്നെയുമല്ല, ഏതു ഭാഷയിലും ആയിരത്തിനു് അഞ്ചു കവികളേപോലും കണ്ടുകിട്ടുവാൻ പ്രയാസമാണെന്നുള്ള വസ്തുത ചരിത്രസത്യമത്രെ! അപ്പോഠം ആ വഴിക്കു വാസന കിട്ടിയിട്ടുള്ളവർ അതു ദുരുപയോഗപ്പെടുത്തുന്നതു ക്ഷന്തവ്യമാണോ? പോരെങ്കിൽ കവിയശസ്സു് അക്ഷയമായി നിലനിൽക്കുന്ന ഒരു മഹൽസ്ഥാനവുമാണല്ലോ.

അടുത്തതായി കവിതകൊണ്ടു് എന്തു പ്രയോജനം! എന്ന ചോദ്യം എടുക്കാം. ഭൂമിയിൽ ജനിച്ച മനുഷ്യരെല്ലാം ഒരിക്കൽ മരിക്കണമെന്നുള്ളതു് നിഷേധിക്കുവാൻ പാടില്ലാത്ത സത്യമത്രെ! അങ്ങനെ ഒരിക്കൽ മരിച്ചുപോകുന്ന ആളുകളുടെ ആശയങ്ങളും തത്വങ്ങളും അഭിപ്രായങ്ങളും നമുക്കു് അറിയുവാൻ അവരുടെ ജന്മഭാഷയിലുള്ള കവിതകഠം നമ്മെ കൂടുതൽ സഹായിക്കുന്നുണ്ടു്. കാരണം അവർ ആ ഭാഷയിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങഠം വായിച്ചു് വിസ്മരിക്കാതെ മനുഷ്യമനസ്സുകളിൽ തലമുറതലമുറകളായി നിലനിർത്താൻ കവികഠക്കു് വളരെ കഴിവുണ്ടു്. ഉദാഹരണത്തിനു് കാളിദാസൻ, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, അർണ്ണോസു പാതിരി, ഏ. ആർ. തമ്പുരാൻ, ഉള്ളൂർ, വള്ളത്തോഠം, ആശാൻ, കട്ടക്കയം എന്നീ മഹാകവികളുടെ ഗ്രന്ഥങ്ങഠം ഇന്നും നമ്മഠക്കു നൽകുന്ന നാനാവിധ അറിവുകഠം ഏതുകാലത്തു് മനുഷ്യഹൃദയങ്ങളിൽനിന്നു് മാഞ്ഞുപോ

കുവാൻ സാധിക്കും. അവരുടെ കാലങ്ങളിലെ ദേശാന്തരവിശേഷങ്ങളും രാഷ്ട്രീയ ചിന്താഗതികളും അനുഭവ പാഠങ്ങളും തത്വചിന്തകളും അലങ്കാരവിശേഷതകളും ആശയഗാംഭീര്യവും ആരെയാണ് ആനന്ദപുളകിതരാക്കാത്തത്. ഈവിധമുള്ള അനുഗ്രഹവിശേഷങ്ങൾ ലോകത്തിൽ പ്രദാനം ചെയ്യുവാൻ പ്രത്യേകിച്ച് കവിക്കും കവിതക്കും സാധിക്കുമെന്നുള്ളത് അഭിജ്ഞന്മാക്കറിവുള്ളതും അഭിമാനകരവുമല്ലേ!? ഇതുമൂലം കവി അനശ്വരനാണെന്ന് ആരും സമ്മതിക്കും. ഇതു മാത്രമോ? ഒരു കവിയുടെ തൂലികയിൽനിന്ന് നിർഗ്ഗളിക്കുന്ന അനർഘങ്ങളായ രത്നങ്ങൾ നശ്വരമായ മണിമന്ദിരങ്ങളെക്കാൾ വിലപ്പെട്ടതും കലാശില്പസ്തൂപികയേക്കാൾ വെണ്മയേറിയതും ശാശ്വതവുമാകുന്നു. കവിത, ഭൂതകാലവും മനുഷ്യരാശിയും നിലനിൽക്കുന്ന കാലം വരേയും അക്ഷയമായി വിരാജിക്കുന്ന സുഗന്ധവാഹിനിയുമാണ് അവൾ.

സാഹിത്യശാഖയിലെ രണ്ടു സഖികളാകുന്ന ഗദ്യവും പദ്യവും വായിച്ചു ഗ്രഹിക്കുവാനും രസിക്കുവാനും ഏവർക്കും സാധിക്കുന്നുവെങ്കിലും പദ്യം ഇവയ്ക്കു പുറമേ കാണാതെ പഠിച്ചു നിത്യം പാടി രസിക്കുവാനും മറ്റുള്ളവർക്ക് ചൊല്ലിക്കൊടുത്ത് പഠിപ്പിക്കുവാനും ആശയം പകർന്നുകൊടുക്കുവാനും ഏതു രംഗങ്ങളിലും അവതരിപ്പിക്കുവാനും സാധിക്കുന്നു. ഇപ്രകാരം അനുഗ്രഹപൂർണ്ണമായ ഒരു കലയാണ് കവിതാസാഹിത്യം. ഈവിധ പ്രയോജനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും ഇതിൽ

വാസനയുള്ളതുകൊണ്ടും ഞാനും കവിതയെഴുതുവാൻ പ്രേരിതനായി എന്ന സമാധാനമേ എനിക്കു് പറയുവാനുള്ളൂ.

അടുത്തതായി ഇതു ധനാഗമമാർഗ്ഗമാണോ എന്നതാണു് ചോദ്യം? അങ്ങനേയും പലക്കും സംഭവിക്കാം. എന്നെ സംബന്ധിച്ചു് ആ കാര്യം ഒന്നും തീർത്തുപറയാറായിട്ടില്ല. കാരണം ഞാൻ നിസ്സാരനാണു്. എങ്കിലും നിരാശക്കു വകയില്ലെന്നു് കഴിഞ്ഞകാല അനുഭവങ്ങൾ എന്നെ പഠിപ്പിക്കുന്നു. എന്നാൽ ധനമുണ്ടെങ്കിൽ എല്ലാം തികഞ്ഞു എന്നു കരുതുന്നവർ ലോകത്തിൽ എത്രപേരുണ്ടു്? ധനമുള്ളവരേക്കാൾ സുഖം ധനമില്ലാത്തവർ ഇന്നു ലോകത്തിൽ അനുഭവിക്കുന്നുണ്ടു് എന്നുള്ളതു തീർച്ചയല്ലേ? ധനക്കുറവിനാൽ അവർക്കു് ചില പ്രയാസങ്ങൾ ഉണ്ടാകാം. എങ്കിലും അവർ ശാശ്വതമായ സമാധാനത്തിൽ എത്തിച്ചേരുന്നതായി കാണുന്നു. ധനമുണ്ടെങ്കിൽ സുഖിച്ചു ജീവിക്കരുതോ? എന്നു ചോദിക്കുന്നവരും കണ്ടേക്കാം. പക്ഷേ! എത്രനാൾ? ശാശ്വതമായിട്ടു പററുമോ? ആളിക്കത്തുന്ന അഗ്നിയെ അല്പനേരം ശമിപ്പിക്കുവാൻ ആ സുഖജീവിതംകൊണ്ടു് കുറച്ചുവല്ലതും സാധിച്ചേക്കാം. പക്ഷേ അതു കഴിയുമ്പോഴോ? ഈ ലോകവും പരലോകവും ഇല്ലാത്ത അനുഭവങ്ങളിൽ കുടുങ്ങി ഉഴലുന്ന എത്രയെത്ര പണക്കാരെ ലോകം ഇന്നു് കണ്ടിട്ടില്ല? അതിനാൽ ധനം ശാശ്വതമായ ഒന്നല്ല എന്നാണു് എന്റെ പക്ഷം. അതിന്റെ വർദ്ധനവു് മനുഷ്യനു് കൂടുതൽ ആപത്തുകൾ വലിച്ചുവയ്ക്കുകയും

ചെയ്യും. എന്നാൽ ഇതൊന്നും ഇന്നത്തെ ധനതത്വശാസ്ത്ര ജ്ഞന്മാർക്കു് ഇഷ്ടപ്പെടുന്ന കാര്യമല്ലെന്നു് എനിക്കു് അറിയാം. പക്ഷെ എന്റെ അഭിപ്രായം അനുഭവപാഠത്തിൽനിന്നു് ഞാൻ പറയുന്നു എന്നു ധരിച്ചാൽ മാത്രം മതി. അതിനാൽ ധനത്തിലും മേന്മയേറിയതും അഭംഗമായി നിലനില്ക്കുന്നതും കവിതയാണെന്നു വിശ്വസിച്ചു് ഞാൻ കവിത എഴുതുവാൻ തുടങ്ങി.

അടുത്ത ചോദ്യം ഇതുകൂടാതെ മററു പണികൾ നോക്കരുതോ എന്നതാണു് ?

ധാരാളമാവാം! ഇതും നിത്യത്തൊഴിലായി കൊണ്ടു പോകണമെന്നില്ല. അതു സാധിക്കുകയുമില്ല! കാരണം എപ്പൊഴും കവിതയെഴുതുവാൻ ആക്കും സാധിച്ചെന്നു വരുകയുമില്ല! കവിത ഒരു അനുഗ്രഹീത കലയാണെങ്കിലും ഇവൾക്കും ചില കാലഭേദ സന്ദർഭങ്ങൾ ഉണ്ടാകാറുണ്ടു്. അതു് അനുസരിച്ചേ എഴുതുവാൻ പററുകയുള്ളു. അന്തരിച്ച പല കവികളുടേയും നോട്ടുബുക്കുകളിൽ പൂരിപ്പിക്കാതെ പല ഖണ്ഡ കവിതകളും കിടക്കുന്നതായി ഇന്നും നമുക്കു കാണുവാൻ സാധിക്കുന്നുണ്ടു്. അതെല്ലാം മുൻപറഞ്ഞ സംഗതികളുടെ അടിസ്ഥാനത്തിൽ സംഭവിച്ചിട്ടുള്ളവയാണു്.

എന്നാൽ ഇന്നു സാഹിത്യത്തിൽ പദ്യത്തേക്കാൾ പുഷ്ടിപ്പെട്ടു വരുന്നതു് ഗദ്യമാണു്. അതിനു കാരണം പദ്യങ്ങൾ വായിച്ചു ഗ്രഹിക്കുവാനുള്ള പാണ്ഡിത്യക്കുറവും അതു കൈകാര്യം ചെയ്യുവാനുള്ള അഭിരുചിക്കുറവും

മൂലമാണ്. എന്നാൽ ഗദ്യമാകട്ടെ അങ്ങനെയല്ല. അക്ഷരാഭ്യാസമുള്ള ഏതൊരാൾക്കും എളുപ്പം വായിച്ചു ഗ്രഹിക്കുവാൻ സാധിക്കുന്നു. അതിനാൽ പദ്യശാഖകൾ നാൾതോറും പ്രചാരം കുറഞ്ഞും ഗദ്യശാഖ വികസിച്ചും വരുന്നുണ്ട്. എങ്കിലും രസപ്രദമായ കവിതാവല്ലരി ഇന്നും പുഷ്ടി പ്രാപിച്ച് വികസിച്ചുകൊണ്ടിരിക്കുന്നു എന്നൊരാശ്വാസം കവികൾക്ക് സംതൃപ്തി ഉളവാക്കുന്നു. ആ വഴിക്ക് എത്തുവാൻ പററാത്തവർ മററു മാർഗ്ഗം തേടുകയേ പററു. അങ്ങനെ വന്നെങ്കിൽ അതിൻെറ പോംവഴി അന്നു നോക്കിയാൽ മതിയല്ലോ എന്നു വിചാരിച്ച് മറുപടി നിറുത്തുന്നു.

എൻെറ പ്രഥമകൃതി 'സ്മരണ''പ്രസിദ്ധം ചെയ്തപ്പോൾ ഉടനെതന്നെ അവൾക്കൊരു ഇളയ സഹോദരിയെ സാഹിത്യലോകത്തിനു പ്രദാനം ചെയ്യുവാൻ സാധിക്കുമെന്ന് ഞാൻ തീർത്തും വിചാരിച്ചില്ല. എങ്കിലും എൻെറ വന്ദ്യഗുരുക്കന്മാരുടെ ഉപദേശവും പല സാഹിത്യകാരന്മാരിൽനിന്നും എൻെറ അഭ്യുദയകാംക്ഷികളിൽ നിന്നും ഉണ്ടായ അഭിപ്രായവും അഭിനന്ദനവും പ്രേരണയും കൂടുതലായി കിട്ടിക്കഴിഞ്ഞപ്പോൾ സ്വതേ മടിയനായ ഞാൻ പ്രകാശം കാണാതെ എൻെറ നോട്ടുബുക്കിൽ കഴിയുന്ന കുറെ കവിതകൾ കൂട്ടിച്ചേർത്ത് ''വെള്ളിപ്പൂക്കൾ'' എന്ന പേരിൽ ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചു.

ഇതിൽ പതിനഞ്ചു കവിതകളാണ് ചേർത്തിരിക്കുന്നതു്. ചിലതെല്ലാം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

പന്ത്രണ്ടെണ്ണം ദ്രാവിഡവൃത്തവും എൻെറ ഗുരുക്കന്മാരിൽ ചിലരുടെ നിർബന്ധംമൂലം മൂന്നെണ്ണം സംസ്കൃത വൃത്തത്തിലുള്ളതുമത്രെ! എന്നാൽ സാമാന്യ വിദ്യാഭ്യാസമുള്ളവർക്കുപോലും മനസ്സിലാക്കുവാൻ തക്കവണ്ണമുള്ള ലളിതമായ രീതിയിൽ എഴുതിയിട്ടുള്ളതാണു്. ഇതിൽ ഞാൻ തെരഞ്ഞെടുത്തു ചേർത്തിരിക്കുന്ന കവിതകൾ എല്ലാംതന്നെ! ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിൽ എന്നെ എല്ലാ പ്രകാരത്തിലും സഹായിച്ചിട്ടുള്ള എൻെറ വന്ദ്യഗുരുഭൂതന്മാരായ മെസ്സേഴ്സ്, ആയാംകുടി പി. ആർ. ശങ്കരപിള്ള, വിദ്വാൻ ജോസഫ് മുകളേൽ എന്നിവരോട്ട് പ്രത്യേകമായും എനിക്കുള്ള കൃതജ്ഞതയെ ഇത്തരുണത്തിൽ ആദ്യമായി രേഖപ്പെടുത്തുന്നു.

കൂടാതെ ഇതിനു് പ്രൗഢവും. ആശയസംപുഷ്ടവും, ദീർഘവുമായ ഒരു അവതാരിക എഴുതിത്തന്നു എന്നെയും ഗ്രന്ഥത്തേയും അനുഗ്രഹിച്ച വയോവൃദ്ധനും എൻെറ വന്ദ്യ ഗുരുനാഥനും കവിയും സാഹിത്യശിരോമണിയുമായ ശ്രീ പന്തളംപള്ളിൽ ഗോപാലപിള്ളസാർ അവർകൾക്കും എൻെറ ഭക്തിനിർഭരമായ സ്നേഹാദരങ്ങളെ ഈ അവസരത്തിൽ ഞാൻ കൂപ്പുകൈയ്യോടെ പ്രകടിപ്പിച്ചുകൊള്ളുന്നു.

അടുത്തതായി എൻെറ കവിതാപരിശ്രമത്തിൽ എനിക്കുവേണ്ട ഉപദേശം നൽകിയിട്ടുള്ള എൻെറ മാതുലീപുത്രനും പണ്ഡിത വരേണ്യനും പ്രസിദ്ധ ധ്യാനഗുരുവുമായ വെ: റവ: ഫാദർ മാത്യു മങ്കുഴിക്കരിയിൽ അവർ

കളോടും എനിക്കുള്ള എല്ലാ കടപ്പാടുകറംകരം ഈ അവസരത്തിൽ ഞാൻ പ്രത്യേകം നന്ദി പ്രദർശിപ്പിക്കുന്നു.

ഈ പുസ്തകത്തിൻെറ അച്ചടി ഏററവും ഭംഗിയായി സാധിച്ചുതന്ന കോട്ടയം ഗുഡ് ഹോപ്പ് പ്രസ്സ് മാനേജർ അവർകളോടും എനിക്കുള്ള സ്നേഹാദരങ്ങരം പ്രത്യേകം അറിയിച്ചുകൊണ്ടും എൻെറ ദ്വിതീയ കൃതിയാകുന്ന ''വെള്ളിപ്പൂക്കറം'' എന്ന കവിതാസമാഹാരത്തെ ഞാൻ സഹൃദയ'സമക്ഷം ഇതാ വിനയപൂവ്വം കാഴ്ചവച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താവ്

മാൻവെട്ടം
30-10-1965

# അവതാരിക.

കവിത, സഹൃദയന്മാരെ രസിപ്പിക്കുന്നതായിരിക്കണം. ബഹുജനങ്ങളെ രസിപ്പിക്കുന്നതു് എന്നു് അല്പം ഭേദപ്പെടുത്തിയാൽ ഇക്കാലസ്ഥിതിക്കു് അധികം യോജിക്കും. സദാചാരോത്തേജകം കൂടിയാണെങ്കിൽ അതിനു് മഹിമ വർദ്ധിക്കുകയും ചെയ്യും.

അനേകം വർഷങ്ങൾക്കു് മുൻപാണു് കവിതയുടെ ജനനം. അതു് ക്രമേണ വളർന്നു് തഴച്ചു് കൊഴുത്തു് പുഷ്ടിണിയുമായി.

കവിതാ കാമിനിയെ ചില പണ്ഡിതന്മാർ "അൎത്ഥം" കൊണ്ടാരാധിച്ചു. മററു ചിലർ "അലങ്കാരം"കൊണ്ടു് രുചിരാംഗിയാക്കി. വേറെ ചിലരാകട്ടെ രസഭംഗി കൊണ്ടു് വിലാസപേശലയാക്കുകയും ചെയ്തു. എന്നാൽ അൎത്ഥം, അലങ്കാരം, രസം (വ്യംഗ്യംകൂടെ)ഇവയുടെ സമഞ്ജസ സമ്മേളനത്തിലൂടെ മാത്രമേ സരസ കവിതയുണ്ടാകയുള്ളുവെന്നും അപ്രകാരമെഴുതുവാൻ "അംഗണ്യപുണ്യം" ആവശ്യമാണെന്നും പൂൎവ്വാചാൎയ്യന്മാർ വിധിച്ചിട്ടുണ്ടു്. ഈ നിയമം ഭാഷാകവിതയ്ക്കും ബാധകമായി.

അനവധി കൃതികൾ നിർമ്മിച്ചു് ഭാഷാപോഷണം സാധിച്ച സരസമഹാകവി കുഞ്ചൻനമ്പ്യാർ,

"കോൽത്തേനോലേണമോരോപദ-
മതിനെ നറു, പാലിൽനീരെന്ന പോലെ
ചേൎത്തീടേണം വിശേഷിച്ചതിലതുലമലം-
കാരമുണ്ടായ്‌വരേണം.

പേർത്തും ചിന്തിക്കിലത്ഥംനിരുപമരുചി-
തോന്നേണമെന്നിത്രവന്നേ
തീർത്തീടാവൂശിഌോകം, ശിവശിവകവിതാ
രീതിവൈഷമ്യമത്രേ''

എന്നു പ്രഖ്യാപനം ചെയ്തു. അതിനെ ആദരിച്ച് പലരും കവിതയെഴുതുവാൻ തുടങ്ങി. അപ്പോഴും നില നിന്ന ചില പാകപ്പിഴകളെ കണ്ടറിഞ്ഞു് വിവിധ ഭാഷാവിജ്ഞനും കാലവേദിയുമായ ഏ. ആർ. രാജരാജവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു്;

''അന്യൂനാനതിരിക്തമായ് വിലസണം
ശബ്ദങ്ങളത്ഥങ്ങളും
പ്രാസാദ്യാഭരണങ്ങരം വാങ്ങുവതിനാ-
''യത്ഥം''കളഞ്ഞീടൊലാ''

എന്നിത്യാദി ചില നിർദ്ദേശങ്ങരംക്കൂടെനല്കി. അല്പം ചില എതിർപ്പുകരംക്കശേഷമെങ്കിലും അതും സ്വീകൃതമായി. നല്ല കവികരം സരസകാവ്യങ്ങരം ധാരാളം എഴുതുവാൻ തുടങ്ങി. കൈരളിയുടെ സൗവർണ്ണകാലമായിരുന്നു അതു്. തുടർന്നുണ്ടായ കാലപരിവത്തനം അത്ഭുതകരമായിരുന്നു. അതുവരെ അജ്ഞതയിലും അടിമത്വത്തിലും കഴിഞ്ഞുകൂടിയ ഭൂരിപക്ഷജനസമുദായം ഉദ്ധരിക്കപ്പെട്ടു. അവർ അറിവും പൌരബോധവുമുള്ളവരായി ഉയർന്നു.

കാലചക്രം പിന്നെയും മറിഞ്ഞു, വലിപ്പച്ചെറുപ്പം കൂടാതെ ഉദരഭരണക്ലേശം എല്ലാവരേയും ബാധിച്ചു അതിൻെറ നിവൃത്തിക്കായി എല്ലുമുറികെ പണിയെടുത്തേ മതിയാകയുള്ളെന്നും വന്നുകൂടി അപ്രകാരം വിവിധമാർഗ്ഗത്തിലൂടെ പരിശ്രമിച്ചു് ക്ലേശിക്കുന്ന ബഹുജനങ്ങരം സമാധാനവും ആനന്ദവും അനുഭവിക്കുവാൻ ''സാഹിത്യാരാമം'' തന്നെ കണ്ടെത്തി.

പക്ഷേ കടിച്ചാൽപൊട്ടാത്ത കവിതകളും പ്രൗഢഗംഭീരകഥകളും വായിച്ച് ദീർഘനേരം ചിന്തിച്ചുരസിക്കാൻ അവർക്ക് സമയവും കഴിവുമില്ലെന്നായി. പാൽ- അഥവാ ചായ- കടിച്ചാൽ ഉടൻ അനുഭവപ്പെടുന്ന ഉന്മേഷമെന്നപോലെ വായിക്കുമ്പോൾ തന്നെ രസിക്കുന്ന ലളിതസുന്ദരകവിതകളും കഥകളും അവർക്ക് ഇഷ്ടപ്പെട്ടു. അതിനുപകരിക്കുന്ന കൃതികൾ നിർമ്മിക്കുവാൻ ആധുനികസാഹിത്യകാരന്മാരും തയാറെടുത്തു. മേൽപറഞ്ഞവയെ ചിന്തിച്ചുകൊണ്ട് നവീനകവിതകളുടെ ഗുണദോഷപരിശോധന നടത്തുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു.

ശ്രീ. ജോസഫ് പി. മാൻവെട്ടം, അവർകളുടെ ''വെള്ളിപ്പൂക്കൾ'' എന്ന കവിതാസമാഹാരത്തിനു് ഒരു അവതാരിക എഴുതുവാനുള്ള ചുമതല എനിക്കു വന്നുകൂടി. ശ്രീ. ജോസഫിനെ എനിക്കു വളരെക്കാലം മുൻപുതന്നെ പരിചയമുണ്ട്. ഞാൻ ''മുട്ടുചിറ'' മലയാളം ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നകാലത്തു് ഉയർന്ന ക്ലാസ്സിൽ ജോസഫിനെ പഠിപ്പിച്ചിട്ടുണ്ട്.

അന്നു് ക്ലാസ്സിൽ കാവ്യാലങ്കാരാദികൾ പഠിപ്പിക്കുമ്പോൾ അവയുടെ സ്വാരസ്യം ഞാൻ ശരിക്കു വിശദീകരിക്കുകയും ഉത്തമകവികളെ പ്രകീർത്തിക്കുകയും ചെയ്തിരുന്നു. അതിൽ ആവേശഭരിതരാകുന്ന ശിഷ്യരെക്കൊണ്ട് ചിലപ്പോൾ കവിതയെഴുതിക്കുകയും ചെയ്യും. ആ ഘട്ടങ്ങളിലെല്ലാം ഉത്സാഹിയും പ്രസന്നമുഖനും ചുണക്കുട്ടനുമായ ജോസഫ് ഒന്നാംസ്ഥാനം കരസ്ഥമാക്കുക പതിവായിരുന്നു. തൻമൂലം മററു കുട്ടികളുടെ അസൂയയ്ക്കുപോലും പാത്രമായിരുന്ന ജോസഫിലൂടെ ഒരു സരസ ഭാവി കവിയെ

ദർശിക്കാറുണ്ടായിരുന്നു. ആ വക പ്രതീക്ഷകളെല്ലാം ഫലിച്ചുകാണുന്നതിൽ ഞാൻ ചരിതാർത്ഥനാകുന്നു; അത്യധികം സന്തോഷിക്കുകയും ചെയ്യുന്നു.

പ്രസ്തുത വെള്ളിപ്പൂക്കളിൽ, ഗുരുവും ശിഷ്യരും, ധ്യാനമാണാശ്രയം, ആ ചുംബനം, കർഷകൻ, ജീവിതം, വാഴയുടെ ആത്മകഥ, തിരുവോണം, എന്നിത്യാദി പതിനഞ്ചു കവിതകൾ അടങ്ങിയിരിക്കുന്നു. അവ ഓരോന്നും ഹൃദയസ്പർശികളും സരസങ്ങളുമാണ്. അവതാരികയുടെ വിസ്തൃതിയെ ഭയന്ന് അവയിൽ ചിലതിൽ നിന്നു് മാത്രം ഏതാനും ഭാഗം ഉദ്ധരിച്ചു് കവിതാഗുണം വിശദമാക്കാമെന്നു് ഞാൻ വിചാരിക്കുന്നു.

ആദ്യമായി ''ഗുരുവും ശിഷ്യരും'' എന്ന കവിത തന്നെ എടുക്കാം. ഒരിക്കൽ ക്രിസ്തുദേവനും ശിഷ്യന്മാരും കൂടി ഒരു ചെറുകടലിലേക്കു് പടവിൽ കയറി പുറപ്പെട്ടു. ഗുരുദേവൻ നിദ്രയിലുമായി. ശിഷ്യന്മാർ തുഴയാനും തുടങ്ങി. അല്പം കഴിഞ്ഞപ്പോൾ കടലിൻെറ മട്ടുമാറി.

''അലകളാഴിതൻ മുകൾപ്പരപ്പിലായ്
മലകൾ പോലെ മറിഞ്ഞു
ഉടൻ നശിക്കുമേ കടലിൽപെട്ടുനാം
കിടുകിടവിറച്ചോതി''

ശിഷ്യന്മാർ അത്യധികം ഭയപ്പെട്ടു.

''അടുക്കലുണ്ടവർക്കരിയ രക്ഷകൻ
അടുത്തറിഞ്ഞില്ല കഷ്ടം!!''

എന്നു് കവി അവരെ പരിഹസിക്കുന്നതു് ഉചിതമായിട്ടുണ്ടു്. ഗുരുദേവനെ ഉണർത്താൻ ശിഷ്യന്മാർ ഉച്ചത്തിൽ കരഞ്ഞു. എന്നിട്ടോ?

"ഉദയസൂര്യൻ പോൽ ഗുരുദേവനുണ്ട-
ന്നവിടെയെങ്ങുമേ നോക്കി"

ഉടനെ

"പരമനാഥനങ്ങരുളിശാസനാ-
പരമായബ്ധിയോടേവം"
അടങ്ങു വാരിധേ! തിരുമൊഴി കേട്ട
കടൽ സ്വശാന്തമായ് വേഗം."

അനന്തരം

"തടവെന്യേ വഞ്ചി പുനരോടിദ്രുതം
കടവിലെത്തിയിറങ്ങി.

ഗുരുവും ശിഷ്യരുമൊരുമിച്ചു വീണ്ടും
തിരിച്ചു ലോകരക്ഷാർത്ഥം."

എന്നു് ആ കവിത സമാപിക്കുന്നു.

പ്രാരംഭം സമയോചിതമായി അവതരിപ്പിച്ചിട്ടുണ്ടു്. കടൽക്ഷോഭവും ശിഷ്യരുടെ അമ്പരപ്പും വായനക്കാരെ ഞെട്ടുക്കുമാറു് കവി വർണ്ണിച്ചിട്ടുണ്ടു്. ഭഗവാൻ ക്രിസ്തുവിന്റെ പ്രഭാവമാഹാത്മ്യങ്ങൾ ഉയർത്തിക്കാട്ടി നാസ്തികരേപ്പോലും ദൈവവിശ്വാസികളാക്കത്തക്ക ഉത്തേജനം നൽകി കവി വിജയം വരിച്ചിരിക്കുന്നു.

കൂടാതെ

"അണുവിശ്വാസമബദ്ധം" എന്നൊരു ഉപദേശം വായനക്കാർക്കു നൽകുന്ന കാര്യവും കവി വിസ്മരിച്ചിട്ടില്ല.

അടുത്തതായി "ജീവിതം" എന്ന കവിത എടുക്കാം. അതിൽ, ഒരു ഉണക്കപ്പൂ, വിനു് ഗുണവും മണവും നല്കി അത്യാകർഷമാക്കിയ ഭാവം വായനക്കാർ കാണാതി

രിക്കയില്ല. ജീവിതത്തിൻെറ അനുകൂലപ്രതികൂലവശങ്ങളെ സരസമായി കവി എടുത്തുകാട്ടിയശേഷം–

"മാനുഷമനസ്സെന്നു ദേവനിൽ സംയോജിക്കു–
മ, നന്തസംതൃപ്തിയാലന്നു ജീവിതംകാമ്യം.
അല്ലാതെ വെമ്പൽക്കൊണ്ടാൽ മാനുഷാഫലമില്ല
തെല്ലുമേ സൗഖ്യം നിൻെറ ജീവിതം ദർശിക്കില്ല.
അലയാതിനി വേഗം ഹൃദയം ദൈവത്തിങ്കൽ
നലമോടുറപ്പിക്കൂ! ജീവിതം വിജയിക്കും!"

എന്ന നല്ല തീരുമാനത്തിലെത്തിച്ചേർന്നു പ്രസ്തുത കവിത ഘോരാന്ധകാരത്തിൽ വൈദ്യുതദീപംപോലെ നീറുന്ന പ്രശ്നങ്ങൾമൂലം കുഴങ്ങുന്ന മനസ്സിനു് ആശ്വാസമാർഗ്ഗം തെളിച്ചുകാട്ടുമെന്നതിനു് സംശയമില്ല. തിരുവോണമെന്ന കവിതയിൽ ഒരു ഓണത്തിൻെറ മേളക്കൊഴുപ്പും ആഹ്ളാദത്തിമിർപ്പും വേണ്ടുവോളമുണ്ടു്.

"നെല്ലിൻകുലകൾ വിളഞ്ഞു വിളങ്ങീ
തിരുവോണത്തിന്നായ്
വല്ലികളോമൽ പൂങ്കുലചൂടി കാററിൽ
ചാഞ്ചാടി,
വാനത്താകെ നിരന്നു താരകൾ പൂനിര
പോലിരവിൽ
വാനംപാടികളല്ലുംപകലും കളഗാനം
പാടി."

എന്നിങ്ങനെ ഓണത്തിൻെറ വരവിനെ വർണ്ണിക്കുന്ന ഭാഗം ഹൃദയാവർജ്ജകമായിരിക്കുന്നു. മധുരകോമളകാന്ത പദാവലികൊണ്ടുള്ള ഓണവർണ്ണന വായിച്ചുകഴിയുമ്പോൾ,

''തിങ്ങും മംഗളമൊത്തിനിമേലും
തിരുവോണപ്പെണ്ണേ!

ചിങ്ങം തന്നിൽ വരേണേ സുഭഗേ! നീ
മടിക്കുടാതെ,

എന്ന കവിയുടെ അഭ്യർത്ഥന നമ്മളും ആവർത്തിച്ചു പോകും.

ശ്രീ. ജോസഫ് ഭാഷാവൃത്തങ്ങളിൽ എഴുതിയിട്ടുള്ള കവിതകളെല്ലാംതന്നെ സരസമോഹനങ്ങളും വിജ്ഞാന മധുരങ്ങളുമായിരിക്കുന്നുവെന്നു പറയുവാൻ സന്തോഷമുണ്ട്.

തുടർന്നു് വാഴ, കർഷകൻ, ശീമോൻെറ വിലാപം എന്നിവ സംസ്കൃതവൃത്തങ്ങളിൽ എഴുതി ഫലിപ്പിച്ചിരിക്കുന്നതിനെ എടുത്തുപറയേണ്ടതു് ആവശ്യമായിരിക്കുന്നു.

ശ്രീ. ജോസഫ് ആദ്യമായി കൈരളിക്കു് സമർപ്പിച്ച ''സ്മരണ'' എന്ന സരസകാവ്യത്തിനു് എഴുതിയ അനർഘമായ, സാഹിത്യ സവ്യസാചിയായ ആയാംകുടി പി. ആർ. ശങ്കരപ്പിള്ള അവർകരം, ആധുനിക കവിവരന്മാർ സംസ്കൃതവൃത്തങ്ങരംകൂടി കൈകാര്യം ചെയ്യണമെന്നു ആവശ്യപ്പെട്ടിരിക്കുന്നതിനോട് ഞാനും യോജിക്കുന്നു. ഇന്നത്തെ കവികളുടെ ഭാഷാവൃത്തപ്രേമത്തെ പ്രശംസിക്കുന്നതിനോടൊപ്പം സംസ്കൃതവൃത്തങ്ങളുടെ മഹിമകളും സ്മരിക്കത്തക്കവയാണു്.

കാരണം 1. ഭാഷാവൃത്തങ്ങളിലെ ഈരടികളേക്കാരം കൂടുതൽ ആശയങ്ങരം ഉരംക്കൊള്ളിക്കുവാൻതക്ക വലിയ വൃത്തങ്ങരം സംസ്കൃതത്തിലേയുള്ളു.

2. സംസ്കൃതവൃത്തങ്ങരം കാണാതെ പഠിച്ച് സ്മരണയിൽ നിലനിൎത്താൻ കൂടുതൽ സഹായകമാണു്.

3. നവരസങ്ങരം ദ്യോതിപ്പിക്കുവാൻ തക്ക വൃത്തങ്ങരം (മലയാളത്തിലും ഇല്ലാതില്ല) വേണ്ടുവോളം സംസ്കൃതത്തിലാണുള്ളതു്. അക്ഷരശ്ലോകമെന്ന സരസമോഹന കല നിലനിൽക്കാനും സംസ്കൃതവൃത്തങ്ങരം ആവശ്യമാണു്.

ഇവ സസ്നേഹം ചിന്തിച്ച് സംസ്കൃതവൃത്തങ്ങരം കൂടെ കവിതാരചനയ്ക്കു് ഉപയോഗിക്കണമെന്നു് കവിസുഹൃത്തുക്കളോടു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് സംസ്കൃതവൃത്തത്തിലെഴുതിയിട്ടുള്ള കർഷകൻ എന്ന കവിത സവിശേഷം ശ്രദ്ധേയമാണു്.

''കൃഷിജോലികരം ചെയ്കയാൽ മഹോ-
ല്ലസിതൻ കർഷകനാമധേയവാൻ;
ഋഷിപോലെ വിശുദ്ധനാണവൻ
മുഷിവില്ലാത്തൊരു കർമ്മയോഗിയും''

എന്നു തുടക്കം തന്നെ ഉചിതമായിട്ടുണ്ടു്.

''തെളിവുണ്ടു പരോപകാരിയെ-
ന്നിളയിൽ കർഷകനുണ്ടു നല്ലപേർ;
തൊഴിലാളികരം കന്നുകാലിയും;
നല മാളുന്നതിവൻെറ നന്മയാൽ''

എന്നു് സ്വാനുഭവത്തിലൂടെ ഒഴുകിവന്നിട്ടുള്ള അഭിപ്രായം കൃഷിപ്പണിയിലേർപ്പെടുന്നവർക്കു് അധികം ഉത്സാഹകരമാണു്.

ഒടുവിൽ

''വരകർഷക! നീയൊരുത്തനേ
ശരണം പ്രാണികുലത്തിനൊക്കെയും
ചരിതാർത്ഥത യാർന്നുകൊൾക, നിൻ -
ചരിതം പുണ്യജനങ്ങൾ വാഴ്ത്തിടും''

എന്ന കാര്യസാരം നിറഞ്ഞ, സരസകവിത ഹൃദയസ്പൃക്കായിട്ടുണ്ടു്.

ഒരു വാഴയുടെ ആത്മകഥയാണു് അടുത്ത കവിത. ഞാൻ കുപ്പക്കുഴിയിൽ ജനിച്ചു എന്നു പറഞ്ഞശേഷം വാഴ കഥ തുടരുകയാണു്.

''ഒരിക്കലെക്കർഷകനെന്നെ വന്നു
പിരിച്ചുമാററി, കുഴി കുത്തി നട്ടു;
പിരിഞ്ഞു ഞാനമ്മയിൽ നിന്നു ഭാഗം
തിരിഞ്ഞു പോരുന്നൊരു പുത്രനേപ്പോൽ''

എന്ന ഭാഗം അലങ്കാരസുന്ദരമാണു്. ഞാൻ വളന്നു! മണ്ടയിൽ കുലയുണ്ടായി. അതു കർഷകനു കൊടുക്കുകയും ചെയ്തു എന്നു വാഴയുടെ ആത്മകഥ അവസാനിപ്പിക്കുന്നു. ഉടനെ കവിയുടെ

''തനിക്കുവേണ്ടിപ്പല നന്മ ചെയ്തു -
നല്ലോനെൻറ കണ്ഠം മനുജൻ മുറിക്കെ:
സർവ്വസ്വമന്യൻെറ ഗുണത്തിനേകും
വാഴേ! തൊഴാം; പോര-നമസ്ക്കരിക്കാം''

എന്ന അഭിനന്ദനം വായനക്കാരെ പിടിച്ചുനിർത്തി ചിന്തിപ്പിക്കതന്നെ ചെയ്യും.

ഇപ്പോഠം തന്നെ കൂടുതൽ നീണ്ടുപോയ ഈ അവതാരിക ഇനി ദീർഘിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. ജോസഫ് ഇതിൽ ചേർത്തിരിക്കുന്ന മററു കവിതകളും ആദർശാലങ്കാരസുന്ദരങ്ങഠം തന്നെ. വിസ്താരഭയത്താൽ മാത്രം അവയെ എടുത്തുദ്ധരിക്കുന്നില്ല.

ശ്രീ. ജോസഫ് നല്ലൊരു വാസനാകവിയാണു്. കവിതകഠം ലളിതവും ആദർശമോഹനങ്ങളുമത്രെ. അല്പം ചില പാകപ്പിഴകഠം ഇതിൽ കണ്ടുവെന്നും വരാം. ദോഷരഹിതമായി - ഗുണസമ്പൂർണ്ണകമായി – പ്രകൃതിയിൽത്തന്നെ യാതൊന്നുമില്ലെന്നിരിക്കെ "അല്പദോഷവൈകല്യം" ക്ഷന്തവ്യവുമാണല്ലോ.

പ്രസ്തുത വെള്ളിപ്പൂക്കളിലെ ചാരുദലങ്ങഠം സുവർണ്ണസുന്ദരങ്ങളും ആമോദഭാസുരങ്ങളുമായി സഹൃദയന്മാർ പരിഗണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സരസകൃതിയായ ശ്രീ. ജോസഫിൻെറ ഈ ദ്വിതീയകൃതി മഹാജനസമക്ഷം അവതരിപ്പിക്കുവാൻ എനിക്കു സാധിക്കുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു.

എൻെറ പ്രിയശിഷ്യപ്രവരനു് എല്ലാവിധ ഭാവിമംഗളങ്ങളും ഞാൻ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

എന്നു് പയ്യംപള്ളിൽ
തിരുവല്ലാ പി. ഗോപാലപിള്ള
14-9-1965 (ഒപ്പ്)

DHARMARAM COLLEGE LIBRARY,
19398
BANGALORE.

# വെള്ളിപ്പൂക്കൾ

## പുഞ്ചിരി !!

(മാവേലി രീതി)

ഈലോക ദു:ഖങ്ങളേററു വാഴും
മാലോകർക്കാനന്ദം തൂകിടാനായ്;
ലോകേശൻ നൽകിയ പുഞ്ചിരീ, നീ
നാകസൌഭാഗ്യത്തിൻ നാന്ദി തന്നെ!
തെന്നലിലാടി വിരിഞ്ഞിടുന്ന
സുന്ദര പുഷ്പദളങ്ങളിലും.
കുന്നിൻ മുകളിൽ പുലരി തോറും
വന്നിടും ബാലാർക്ക രശ്മിയിലും,
സഞ്ചരിക്കുന്നതായ് കണ്ടിടുന്നു
പുഞ്ചിരീ, നിന്നെ ഞാൻ ജാതമോദം!
അന്ധകാരത്തിൻ നടുവിൽ നിന്നു
അമ്പിളി, താരാഗണങ്ങളുമേ,
പുഞ്ചിരി തൂകിക്കുളിർമ്മയേകി
അഞ്ചിതമാക്കുന്നു ഹൃത്സുമങ്ങൾ.
തന്നുടെ നൽസ്നേഹ രൂപമായി
തന്നുടെ ജീവനിൽ ജീവനായി,
വന്നിടും കുഞ്ഞിനങ്ങാദ്യമായി
അമ്മ നൽകുന്നതും പുഞ്ചിരിതാൻ!
അമ്മിഞ്ഞയേകിയനുഗ്രഹിച്ച്
ചുംബനവർഷം പൊഴിച്ചു നില്ക്കും,

അമ്മയ്ക്കനവദ്യ ഭാഗ്യമായി
അക്കൊച്ചു വായ്മലർക്കോണുകളിൽ
ആസന്നമാകുന്ന പുഞ്ചിരി തൻ
ആഴമാരാനുമറിവതുണ്ടോ?!
സ്നേഹിതന്മാർക്കും സഹോദരർക്കും
സാദരം സൽക്കരിച്ചേകുവാനായ്
തൽക്ഷണം മറ്റൊന്നുമില്ലായ്കിലും
അക്ഷയപാത്രമപ്പുഞ്ചിരി താൻ!
പാവന സ്നേഹമധുതുളുമ്പും
പ്രാണപ്രിയ തൻ മുഖസുമത്തിൽ
ഉൽഫുല്ലമാകുന്ന പുഞ്ചിരിയാ-
ണുത്തമ ഭർത്താവിനുള്ള ഭാഗ്യം!
ഘോരതരമാകും പീഡനങ്ങൾ
ക്രൂരന്മാരേല്പിക്കും വേളയിലും
സത്തുക്കൾ തൂകുന്ന പുഞ്ചിരീ! നീ
മേൽത്തരം തന്നെയാം സത്യമായും!
ആരും ഭയപ്പെടും മൃത്യുവന്ന-
ങ്ങാക്രമിക്കുമ്പോൾ പ്രസന്നരായി
യോഗിമാർ തൃപ്തരായേകിടുന്ന
സ്വാഗതപ്പുഞ്ചിരി തന്നെ കാമ്യം!
ലോകൈകതാതനാം സ്നേഹമൂർത്തി,
ആനന്ദദായകൻ, ചിത്സ്വരൂപൻ,
കാരുണ്യപൂർവ്വം പൊഴിച്ചിടുന്ന
പുഞ്ചിരി തൻ പ്രഭ തന്നെയെല്ലാം !!

# ഗുരുവും ശിഷ്യരും.

കടലു,നെഞ്ചിന്മേൽ തിരയാം കൈകളാ,
ലിടയിടെയിട്ടലച്ചു്,
പത, ഞൊരിഞ്ഞൊത്തരജതക്കണ്ണുനീർ
പതറിയെങ്ങും തെറിക്കെ,
പതിവിലപ്പുറം പടിഞ്ഞാറേക്കോണിൽ
വിതറി താരകൾ നിൽക്കെ,
ചെറുമേഘങ്ങളാം വികൃതിക്കുട്ടികൾ
വിയത്തിലോടിക്കളിക്കെ,
ഗുരുവിൻ ശിഷ്യന്മാർ വലയും വാരിയാ-
പ്പടവിലേറിത്തുഴഞ്ഞാർ!
കടവിലെത്തുവാൻ തരപ്പെടാതായീ
കടൽ കോപിക്കമൂലം;
പടവു കാററടിച്ചടിയാത്തവിധം
അടവു ശിഷ്യന്മാർ നോക്കി.
''ഉടൻ നശിക്കുമേ കടലിൽ താണു നാം''
കിടുകിടെ വിറച്ചോതി!
പടവിൻ കോണിലായ് ശയനം ചെയ്യുമാ-
യുടയോനേയൊന്നുണർത്താൻ,
ഝടുതി സംഭ്രമിച്ചഴറവേ മുററും
തുടരെയൊച്ചയിൽ കേണു!
''ഗുരുനാഥാ! ഞങ്ങളധികഭീകര-
മരണവകത്രത്തിലാണേ!!''

ഇഹത്തിലുള്ളവരറിയുന്നോ, ദൈവ-
മഹത്വശക്തികളെല്ലാം!
അടുക്കലുണ്ടവക്കരിയ രക്ഷകൻ,
അടുത്തറിഞ്ഞില്ല കഷ്ടം!
കരയും, കായലും, കടലും സൃഷ്ടിച്ചോൻ
തിരയാൽ ഭീതനാമെന്നോ?!
ഉദയ സൂര്യൻ പോൽ ഗുരുദേവനുണ
ന്നവിടെയെങ്ങുമേ നോക്കി;
അലക,ളാഴിതൻ മുകൾപ്പരപ്പിലായ്"
മലകൾ പോലെ മറിഞ്ഞു!
''പരമനാഥനങ്ങരുളിശാസനാ-
പരമായബ്ധിയോടേവം;
''അടങ്ങു വാരിധേ!'' തിരുമൊഴികേട്ട
കടൽ സുശാന്തമായ് വേഗം!
തിരിഞ്ഞു ശിഷ്യരോടരുളി നായകൻ
'അണുവിശ്വാസമബദ്ധം!"
അവർ വിനീതരായ് മിഴിച്ചുനിന്നുപോയ്,
ഭുവനനാഥൻെറ മുൻപിൽ!
പരസ്പരം ചൊന്നു ''കടലും കാററും ഹാ!
ഗുരുവിനു തൃണതുല്യം!''
അറിഞ്ഞവക്കെല്ലാം തെളിഞ്ഞു, തെറേററു-
പറഞ്ഞു; ദേവൻ പൊറുത്തു;
തടവെന്യേ വഞ്ചി പുനരോടിദ്രുതം
കടവിലെത്തിയിറങ്ങി;
ഗുരുവും ശിഷ്യരുമൊരുമിച്ചു വീണ്ടും
തിരിച്ചു ലോകരക്ഷാത്ഥം!!

# കെടാവിളക്ക്

## (കാകളി)

ആരേയകമ്പടി സേവിച്ചു നിൽപ്പു നീ,
പാരം പ്രഭായുതമായൊരു ദീപമേ!?
കൂരിരുളും, വൻകാററെററരിയും വെയിലത്തും,
തോരാതെ പെയ്യും മഴ, വെണ്ണിലാവുമേ,
തെല്ലും നിനക്കു വ്യത്യാസമില്ലേതുമേ,
ചൊല്ലാൻസേവനം നിത്യകർമ്മം തവ!
''സ്നേഹ''മായെന്നുമെരിഞ്ഞുജ്ജ്വലിക്കുമാ-
സ്നേഹാധിനാഥന്റെ മുന്നിലേ ദീപമേ!
നീ നിൽക്കുമായിടത്തെത്തുമേതാംക്കുമേ-
യാ, വിശ്വശില്പിയെക്കണ്ടിടാം രശ്മിയിൽ!
ശ്രീലദിവ്യസ്നേഹവഹ്നിതൻ വിശ്രുത-
വേലധരിച്ചു വിളങ്ങുവോനല്ലിനീ?!
അല്ലെങ്കി,ലാപ്പരിപാവന പ്രേമത്തിൻ
നല്ലൊളി നിത്യം നിഴലിച്ചു നില്ക്കുമോ?!
സത്യമാണെന്റെ വചനം സമസ്തമെ-
ന്നത്യുജ്ജ്വലം നീ തെളിയിക്കയോ സദാ;
ആർത്തരിൽ താൻ കനിഞ്ഞോലും കൃപാരസ-
സ്ഫൂർത്തിതൻ മൃത്തിന്റെ മിന്നൽ പ്രകാശമേ!
കോളുപെരുത്ത ലോകാർണ്ണവത്തിൽ കപ്പ—
ലോളമടിച്ചൊടുങ്ങാതെ ദീപപ്രഭേ!

ദർശനം നൽകുന്നു, പാലിച്ചിടുന്നു നീ,
പേശലമാം കുഴൽക്കണ്ണാടിപോലവേ!
താരാപഥത്തിൽ നിന്നുമ്വന്നങ്ങുസാ-
പാരിൽ വസിക്കയോ താരമേ! രാപ്പകൽ?
ഏതേതുമട്ടിൽ നിനച്ചുകൂടാ, നിൻെറ
ചേതോഹരം ശുഭ്രമാം നിലപാടിനേ!
ഹാ! വിശ്വദീപപ്രകാണ്ഡമേ! നാകാധി-
നാഥൻെറ വിശ്വസ്തദൂതാ! നമോസ്തുതേ!
നിൻ ദൌത്യകൃത്യമിന്നെത്രയോ മേൽത്തരം?!
നീ മുന്നിലെപ്പൊഴും കാണുന്നു ദേവനേ!!
നിൻ സ്വാമി തന്നെയും, നിന്നെയും കണ്ടുക-
ണ്ടാനന്ദ നിർവൃതിയെന്നു ഞാൻ പൂണ്ടിടും?!

# ആ ചുംബനം !

## ഗാഥ

കാലങ്ങളേറെക്കഴിഞ്ഞു; മനോജ്ഞമാം-
നസ്സ്രസ്സിൽ വാണു "തിരുക്കുടുംബം"
സ്വന്തമാം കൈവേലയാലുപജീവനം
സംതൃപ്തിപൂർവ്വം നടത്തിടുമ്പോൾ,
അമ്മയുമച്ഛനുമൊത്തുകുമാരകൻ,
പൊന്മണിക്കുട്ടനാമേശുനാഥൻ,
അക്കൊച്ചു പൂവണിക്കൈകളാൽ ചില്ലറ-
ജോലികൾ ചെയ്തു സഹായമേകും!
ആരോമൽബ്ബാലക, നൊട്ടിടക്കൂട്ടരൊ-
ത്തോരോ വിനോദത്തിലാശവച്ചു;
പാടിയു മോടിയു, മാടിയുമാഗ്രഹ
വാടിയിൽ ചേവടിത്താരു ചാർത്തും!
ഇമ്മട്ടിൽ കേളി നടത്തവേ, ക്ലേശമെ
മമ്മയാം പുത്രനിൽ ദൃഷ്ടിവച്ചും!
ഓടിവന്നമ്മ വിളിച്ചോയെന്നാരാഞ്ഞു-
ചാടിമറിഞ്ഞോരോരോട്ടം കൊടുക്കും;
മെല്ലെക്കിതപ്പകററീടുവാൻ വേണ്ടിയും
"ചെല്ലെ"ക്കിടാവു ചിലപ്പൊഴെത്തും;
കെട്ടിപ്പിടിക്കും വിളിക്കും, തെരുതെരെ-
പ്പൊട്ടും വിയർപ്പണി മുത്തുമായി.
ആ, ദിവ്യബാലൻെറയോമന ലീലകൾ
മോദം പിതാക്കളിൽ വർഷിച്ചിടും!
ഇമ്മട്ടുകാലം കഴിയവേ, നാളൊന്നി-
ലമ്മ തന്നങ്കത്തിലേറി വേഗം

ദൃഷ്ടിയുയത്തി, മാതാവിൻ തിരുമുഖ-
മൊട്ടിട വീക്ഷിച്ചു കൊച്ചുയോഗി!

അമ്മയോ, പൊൻ മകൻ തൻ മുഖ പത്മത്തി-
ലുമ്മകൊടുക്കവേ. കേണപൈതൽ!!
സ്തംഭിച്ചു കാര്യം ഗ്രഹിയാതെ തൽക്ഷണം
വെമ്പലോടോതിയാപ്പാവനാംഗി!
"എന്തിന്നുമോനേ! കരയുന്നു, ചുമ്മാതെ,
പന്തികേടെന്തു നിനക്കു? ചൊൽക;
കാരണമെന്താണു സങ്കടപ്പെട്ടിടാൻ?
ആരെന്തുചെയ്തു? പറയൂ കുഞ്ഞേ!

മാതാവു,മച്ഛനും മാറിമാറിപ്പുണ-
ർന്നേവ,മത്തങ്കക്കുടത്തൊടോതി;
അപ്പൊഴും കണ്ണീർ പൊഴിക്കയൊണാമകൻ;
ഹന്ത! വിവശരായ് ദമ്പതികൾ!!
ഭാവി തൻ ഗൗരവകാര്യം ഗ്രഹിക്കുവാൻ
ദൈവത്തിന്നല്ലാതെ സാദ്ധ്യമാണോ?
ആരുതാൻ പുത്രനെന്നോരുന്നവരിലും,
ആ, രഹസ്യം തിരിഞ്ഞില്ല തെല്ലും!!

...................................

കാലങ്ങൾ പിന്നിട്ടു പോയീ, ദിനമൊന്നിൽ,
വാനത്തുതാരകൾ പൂത്തരാവിൽ,
ഓമൽക്കുമാരനേ "യൂദ" ചുംബിച്ചു വി-
റെറ, ന്നതു കേട്ടുടൻ മേരിയമ്മ!!
ഞെട്ടി, പെട്ടെ,ന്നോർമ്മവന്നു പുരാ, മകൻ,
പൊട്ടിക്കരഞ്ഞതിൻ കാര്യസാരം!
വഞ്ചനയാൽത്തന്നെയുമ്മവച്ചൊററിടും

തൻ ശിഷ്യനെന്നോൎത്തു കേണകാൎയ്യം;
പുത്രനെ ചെന്നു കണ്ടപ്പോളവസ്ഥയെ-
ന്ത, ത്തലറിഞ്ഞില്ല, മൂൎച്ഛാമൂലം!
ബോധം തെളിഞ്ഞപ്പോഴമ്മ തീച്ചൂളയിൽ
വെന്തെരിഞ്ഞെന്നു ചുരുക്കിയോതാം!

.........................................................................................

സ്നേഹമായ്മാതാക്കരം ബാലരിൽ വച്ചുന്ന
പ്പുഞ്ചിരിപ്പൂവണി ച്ചുംബനങ്ങൾ
ഹാ! കരിച്ചായം പുരട്ടിച്ചതിവിന്റെ
കാകോളമാക്കുന്നു കശ്മലന്മാർ!
വഞ്ചനേ! മേലിൽ നീ, ചുംബനവേഷത്തിൽ
സഞ്ചരിച്ചീടൊല്ലേ പാരിലെങ്ങും!!

# കർഷകൻ.

1 കൃഷിജോലികൾ ചെയ്കയാൽ മഹോ-
ല്ലസിതൻ കർഷകനാമധേയവാൻ;
ഋഷിപോലെ വിശുദ്ധനാണവൻ,
മുഷിവില്ലാത്തൊരു കർമ്മയോഗിയും.

2 ധരതൻ കനിവാലുയർന്നിടും
കതിരിൽ നെന്മണി പുഷ്ടമാകുവാൻ,
ഉരവും, പണിയും കൊടുത്തു നാം
ത്വരപൂണ്ടൂർജ്ജിതമായ്ശ്രമിക്കണം.

3 കരിവൊന്നണയുന്നുവെങ്കിലോ
തരിയോളം മണി കിട്ടിടാത്തതിൽ,
കുറവറ്റു പണിപ്പെടുന്നു നാം;
ശരി, കർമ്മങ്ങൾ ഫലാശ്രയങ്ങൾ താൻ!

4 തെളിവുണ്ടു,പരോപകാരിയെ-
ന്നിളയിൽ കർഷകനുണ്ടു നല്ലപേർ;
തൊഴിലാളികൾ, കന്നുകാലിയും
നലമാളുന്നിതവൻെറ നന്മയാൽ!

5 പുറവേലികൾതീർത്തു കട്ടയാൽ,
തിറമോ“ടേരി”നിരത്തി നാട്ടിയും,
ചിറ,കട്ടി,വരുത്തിയേററമായ്-
പ്പുറവെള്ളം കയറാത്തരീതിയിൽ !

6 നിലമേററമൊരുക്കി വിത്തെറി-
ഞ്ഞഥ സംരക്ഷണമപ്പൊഴേകിയും,
ചിലനാളുകഴിഞ്ഞു പററിയാ-
ലിലകാണാം; കുളിർകണ്ണിനും വരും.

7 മഴയും,ചില വേലിയേററവും,
പിഴയൊട്ടൊക്കെ വരുത്തിവച്ചിലോ,
അഴലാണുടമസ്ഥനെല്ലാരാ-
ത്തൊഴിൽ, പിന്നീശചിന്തമാത്രമാം!

8 മഴമാറി യിറക്കമിട്ടുപോയ്,
മിഴിയിൽത്തിങ്ങിടിയുയന്നു കൌതുകം;
കഴിവററു വലഞ്ഞതും മറ-
ന്ന,ഴകിൽ കോമളമായ് കൃഷിസ്ഥലം.

9 പുലർകാലമതിങ്കൽ മഞ്ഞിനാൽ,
തെളിനൽമുത്തണിയാന്ന നെല്ലുകൾ,
ലളിതം, നടനം നടത്തുമാ-
നിലനേത്രോത്സവമേകുമാക്കുമേ!

10 പലനാളുകഴിഞ്ഞതാ, കതിർ-
ക്കുലചാടുന്നു, വളഞ്ഞു വില്ലുപോൽ,
തലതാഴ്ത്തി വിനീതഭാവമായ്,
നിലകൊള്ളുന്നതു മോഹനം പരം!

11 കതിർ പിന്നെയറുത്തു കററയായ്,
മെതിയായ്, നെല്ലു ''പിടിച്ചു'' കൂട്ടലായ്
പതിവിൻപടി നെൽപ്പുരയ്ക്കക-
ത്തതു ചെന്നെത്തി, യടച്ചു പൂട്ടലായ്!

12 പരിതൃപ്തി കലർന്ന കർഷകൻ
സ്മരണാകൗതുക ലോലചിത്തനായ്,
തിരിയുന്നു കൃഷിക്കു വീണ്ടുമേ,
പരമീശൻ കൃപമാത്രമാശ്രയം!

13 ഇളവില്ലൊരു നേരവും കൃഷി-
ക്കി,ളയിൽ പാർക്കുകിലാർക്കുമേതിനും;
വളരുംവ്യഥ നേരിടുന്നൊരീ-
''വിളയിക്കും പണി' പുണ്യമൊന്നു താൻ!!

14 നിരുപിക്കുകിലേതുനേരവും
പെരുചൂളയ്ക്കകമാണു കർഷകൻ;
പരമീശ്വരചിന്തയൊന്നു താൻ
പരിഹാരം, സുഫലോദയത്തിനും.

15 വരകർഷക! നീയൊത്തനേ-
ശരണം, പ്രാണികുലത്തിനൊക്കെയും;
ചരിതാർത്ഥതയാർന്നുകൊൾക; നിൻ-
ചരിതം പുണ്യജനങ്ങൾ വാഴ്ത്തിടും!!

---

# കരഞ്ഞ കുരിശുരൂപം!

[കേക.]

കണ്ടന്നു ഗോവയിൽ ഞാൻ "മോനിക്കാ
ക്കോൺവെൻറ"തിൽ
പണ്ടു ശോണിതം ചിന്തിക്കേണ ക്രിസ്തുവിൻരൂപം.
സശ്രദ്ധം വീക്ഷിക്കനാ,മിന്നുമാരൂപത്തിലേ-
ശ്ലോകത്തിൻ തിരത്തള്ളൽ തീൎന്നിട്ടില്ലുണുപോലും!
ലോകത്തിൻ ദൗഷ്ട്യം, മാത്രതോറുംവീക്ഷിക്കെ,ത്തന്റെ
ശ്രീക്കുട്ടം കണ്ണുന്നപാടും പൊഴിപ്പൂ ചുടുബാഷ്പം!
കണ്ണിൽക്കുത്തീട്ടു "നാഥാ! കരയേണ്ടിത്ഥം ചൊല്ലും-
"കണ്ണിൽ ചോരയില്ലാത്ത" ലോകമേ! നശിക്കും നീ!!
സൂക്ഷിക്കു പരിസരം; പഠിക്കു പാഠം; ദിവ്യ-
നിക്ഷേപ,മിതു ചൊല്ലും കഥകൾ സമസ്തവും.
നമ്മോടു കഥിച്ചീടും ഭീമമാം മഠത്തിന്റെ-
വൻഭിത്തിപോലും പൂൎവ്വവൃത്തങ്ങൾ നിശ്ശബ്ദമായ്!
മൺതരിക്കൂട്ടങ്ങൾക്കും തട്ടിനും തുലാത്തിനും
സ്വാന്തദൃഷ്ടിയിൽ കണ്ടകാഴ്ച നൂറുണ്ടോതുവാൻ!
മൂകമായവയെല്ലാമാഗതൎക്കറിവേകാൻ
ത്യാഗരൂപമായ്നിന്നു പ്രസംഗിച്ചീടുന്നല്ലോ!
അല്ലെങ്കി,ലവയുള്ളോരഴലിൻ നിഴലാട്ടം
നല്ലപോൽ പ്രതിഫലിച്ചീടുന്നു കാഴ്ചപ്പാടിൽ!
ഇടിഞ്ഞും പൊളിഞ്ഞും ഹാ! റോഡിന്നുമറുവശ-
മടുത്തുതന്നേ കാണാം മൂകൻകെട്ടിടമൊന്നു്!

കേടില്ലാതൊന്നുമാത്രമുണ്ടു; ഗോപുരം; നമ്മൾ
പേടിക്കാതട്ടത്തെന്നാൽ കാര്യങ്ങൾ ചൊല്ലും ''ഭീമൻ''
പള്ളിയോ, പുണ്യാശ്രമംതന്നെയോ, കാലത്തിന്റെ–
''വെള്ളിടി'' വെട്ടിത്തകർന്നീമട്ടിൽ കിടക്കയോ!
''നാശമില്ലാത്താൻ'' തന്റെ ദിവ്യമാം രൂപം, നാശ–
മേശാ,തിസ്ഥലത്തിന്റെ പൊട്ടുപോൽ മിന്നുന്നതാം!!
ക്രൂശിതം രൂപം പുരാവൃത്തങ്ങൾ സ്മരിച്ചല്ലോ
ക്ലേശഭാവത്തിൽ സ്ഥാനം മാറിയിങ്ങിരിക്കുന്നു!
വീടെല്ലാം നശിച്ചിട്ടും, വീടുവിട്ടിറങ്ങാതെ
വീടിതു ഭരിക്കയോ, നസ്രത്തിൻ നാഥാ! ഭവാൻ?
ഹാ! ഹാ! നിൻ കൃപാവഷ്,മാശ്ചര്യകരം! നിത്യം–
മോഹിച്ചവരുന്നെത്ര ലോകർ നിൻ സവിധത്തിൽ!!
അങ്ങെത്ര കേണാലെന്തു്? ഞങ്ങൾക്കു ചിരിച്ചുകൊ–
ണ്ടിംഗിതം സാധിച്ചീശാ! തിരിച്ചുപോകാമല്ലൊ?!
എന്തുചെയ്യണം നാഥാ! നിൻപ്രിയമക്കൾ നിന്റെ
സന്താപമകററുവാൻ; നീ കഥിച്ചാലും വിഭോ?
നിത്യവും ''യാത്ര''ക്കാരാം ഞങ്ങളീവഴിക്കുവ–
ന്നെത്തവേ, കരയുന്ന നിൻ മുഖമല്ലോ കാൺമൂ?!
മനസ്സിൽ പതിഞ്ഞതാം ഛായയുംകൊണ്ടു ഞങ്ങൾ
കനക്കും രുജയോടേ തിരിച്ചുപോകട്ടെയോ?
എപ്പൊഴും നിൻപദാബ്ജം കുമ്പിടാൻ അഭിവാഞ്ഛ–
യേററമുണ്ടെന്നാൽ ദിനകൃത്യങ്ങൾ തടയുന്നു!
ആകയാലങ്ങേ സ്മരിച്ചേത്രനേരവും ഞങ്ങ–
ളാകുലഭാവം തീർക്കാനനുജ്ഞ നൾകേണമേ!
നാഥാ നീ കരയേണ്ടാ! നിന്നനുഗ്രഹവർഷ–
വീഥി നീ തുറന്നാലും! ഞങ്ങൾതാൻ കരയേണ്ടോർ !!

# ധ്യാനമാണാശ്രയം.

[കാകളി]

ധ്യാനം മനുഷ്യൻെറയാത്മാവിലാത്മീയ-
ജ്ഞാനം വിതറുന്ന വെൺകതിർപ്പൂവുതാൻ!
ധ്യാനം മഹാത്മാക്കൾ സായൂജ്യമേറിയോ-
രാനന്ദസോപാനമാക്കി സുനിശ്ചയം!
മുന്നമേതൊട്ടു പിതാക്കൾ സമസ്തവും
മന്നിൽവസിക്കവേ ധ്യാനംകഴിച്ചവർ.
വിശ്രുതപുണ്യചരിതരാമാത്മാക്ക
ളെത്രയോ, ധ്യാനം നടത്തിക്കൃതാർത്ഥരായ്!
മൂർഖരാം പാപിഷ്ഠർക്കൂടിയും ധ്യാനിച്ചു
സ്വർഗ്ഗസ്ഥരായി ബ്ഭവിച്ചു ജയിച്ചുപോൽ!
ധ്യാനവിഷയങ്ങൾ, ക്രിസ്തുവിൻ പീഡനം
ക്രൂശിലേ തൻതിരുവാക്യങ്ങ,ളെന്നിവ.
ചിത്തംതളരാതെ, കണ്ണീർപൊഴിക്കാതെ,
മർത്ത്യകൾ നാഥൻെറ വൃത്തങ്ങൾ വർണ്ണ്യമോ?!
ജീവിതം മന്നിൻെറ കൃത്യമല്ലെന്നതും,
ജീവിതശിഷ്ടം വിശിഷ്ടമാണെന്നതും,
കാണിച്ചു മർത്ത്യരേ നിർമ്മലരാക്കുവാൻ
ധ്യാനംതുണയ്ക്കുന്ന സൽസഖിപോലവേ!
ധ്യാനമൊന്നല്ലാതെ വേറുള്ളതെന്തു ഹാ!
മാനവർക്കൂഴിയിൽ, ജീവിതാധാരമായ്?!

എപ്പൊഴുമാക്കമെവിടെയും ചെയ്യിടാം
നല്ലൊന്ന സൽകൃത്യ,മിദ്ദൈവസേവനം.
ആർഭാടമില്ലാതെ, തുച്ഛസുഖങ്ങളിൽ-
ത്തപ്പി,ത്തടവികഴങ്ങാതെ ചെയ്യുവിൻ.
ധ്യാനിക്ക മർത്ത്യരെ! ധ്യാനിക്ക ദേവനേ!
ധ്യാന,മാത്മാവിൻെറ ദിവ്യപ്രകാശമാം!
പാപത്തെ വിട്ടകന്നീശനിൽ ചേരുവാൻ
പാപികാം നമ്മാംക്ക "ധ്യാനമാണാശ്രയം."

---

# ജീവിതം!

[കേക]

ജീവിതം, മനുഷ്യന്റെജീവിതം,ലോകത്തിങ്കൽ
ആകുലതപമേയുള്ള മിച്ചമായ്നിനസ്ക്കുമ്പോൾ!
ജനിക്കുംനാൾതൊട്ടവൻവിഷാദത്തിരയ്ക്കള്ളിൽ
വിഘ്നാതമെന്യേ നീന്തിക്കഴഞ്ഞീടുകയത്രേ!
സുഖമൊന്നുണ്ടോ? ലോകസാനുവിൽ തിരഞ്ഞീടിൽ!
അകംനീററിടുംചൂളതന്നെയോ മർത്ത്യജന്മം!
ചിന്തയും വ്യഥതാനും സമ്മിശ്രമാക്കിത്തീർത്ത-
യന്ത്രമാം നരൻനിന്നുംനടന്നുംകാലംതള്ളാൻ!
ജീവിപ്പാൻ, പണികിട്ടാൻ, മാനമായ്ക്കഴിഞ്ഞീടാൻ,
രാപകൽപാടുപെട്ട ഹാ!നട്ടംതിരിയുന്നു!
ക്ലേശങ്ങളണഞ്ഞെന്നാ,ലാശയററതുപിന്നെ,
നാശത്തിൻ വേലിയേററമായ് മാറി"ത്തകരാറായ്"
ആനന്ദമുണ്ടോമർത്ത്യജീവിതമലങ്കാട്ടിൽ?
വാനവർലോകത്തേങ്ങാൻ പോയിത്താൻതിരയേണം,
തൃപ്തനായൊരുവനുംകാണില്ലധരണിയിൽ!
തൃപ്തിയെന്നതാംവാക്ക ജീവിതത്താളിൽകാണാ!
എന്തു ലോഹങ്ങൾകൂട്ടിത്തീർത്തതായിടാം മർത്ത്യ-
നെ,ന്തിതു ധാതാവിന്റെ''കൈയ്യാംകളിയോ''ചിത്രം!
നിനക്കും കാര്യംകാണ്മാനവനുള്ളഴലെത്ര-
വഴിക്കെത്തീടുന്നെന്നും പറഞ്ഞാലൊടുങ്ങില്ല!!

ജീവിതം പരാജയമെന്നുതാനോതുന്നോരും
ജീവന്റെ വേർപാടിങ്കൽ വിജയംകണ്ടെത്തുമോ?
ചൊല്ലുന്നു ''സമര' മെന്നേതാനുംപേർ ജീവിതം
അല്ല ''നാടകം''മായ,യെന്നെല്ലാം പലമട്ടിൽ!
ഇവ്വിധംനിരന്തരം നിർവ്വചിപ്പോരുംപക്ഷേ,
ഭുവിങ്കൽ പരിപൂർണ്ണമാശയംഗ്രഹിപ്പീല!
ഉരുകുംമനസ്സിന്റെ വേദനസഹിയാതെ;
വരുവാൻമരണത്തെവിളിപ്പോരുമുണ്ടാമേറെ;
കീടവും ചിതലുമൊത്തൊരുനാളഴിയേണ്ടോർ
ആടലിനടിമയായുഴലുന്നതാംമൂമ്പേ!
മാനുഷമനസ്സെന്നു ദേവനിൽസംയോജിക്ക-
മനന്തസംതൃപ്തിയാലന്നു ജീവിതംകാമ്യം!
അല്ലാതെ ഖെമ്പൽക്കൊണ്ടാൽമാനുഷാഫലമില്ല,
തെല്ലുമേസൗഖ്യം നിന്റെജീവിതംദർശിക്കില്ല!
അലയാതിനിവേഗംഹൃദയംദൈവത്തിങ്കൽ
നലമോടുറപ്പിക്കൂ! ജീവിതംവിജയിക്കും!!

---

# ശിമോന്റെ കണ്ണുനീർ!

1 തന്നാഥനേ,യനുഗമിച്ചുമതിൽക്കകത്തേ-
ക്കന്നാളിരുട്ടിലൊളിവാന്നശിമോൻചരിക്കെ,
ചൊന്നാർ തുടന്നു ''നരനാഗലിലേയശിഷ്യ-''-
നെന്നായി, ദാസികൾ കയത്തോരു മൂന്നുവട്ടം!

2 ''ഇല്ലില്ല, ഞാനറികയില്ലവനുള്ള ശിഷ്യ-
നല്ലെ''ന്നുകോഴികരയുന്നതിനേറെമുൻപേ,
ചൊന്നാശിമോൻ ഗുരുവെവിട്ടുവെളിക്കുപോയാ-
നന്നേര,മേശ്ശു നിജശിഷ്യനിലുററുനോക്കി!

3 ചിത്തേവിചാരമുളവായു് ഗുരുതന്റെവാക്യം
ഹൃത്താരെരിഞ്ഞു, ചുടുനീരുപൊഴിച്ചുഭുവിൽ!
എത്താത്ത കുണ്ഠിതമകത്തുവളന്നു ശിഷ്യൻ,
ചിത്തംതളന്നു വിലപിച്ചുപറഞ്ഞിവണ്ണം!

4 ''നാഥന്റെവാക്കുകൾ ശരിക്കുഫലിച്ചു;ദൈവ-
ബോധംകുറഞ്ഞപടിഞാൻ പെരുമാറിയല്ലോ!
ഈ നീചനീധരയിലെന്തിതിരുന്നീടുന്നു!
പോയാശയൊക്കെയുമിവന്നു തുലഞ്ഞുഭാഗ്യം!!

5 സ്നേഹിച്ചതൻെറ സുതനെന്നവിധം വളർത്തി,
മാഹാത്മ്യംമൊട്ടധികമാന്ന ദയാമൃതത്താൽ;
ഈ നാൾവരേയ്ക്കരികിൽനിന്നകലാതെവാണ-
ഞാനിന്നുനിന്നെ വെടിയാനിടയായിനാഥാ!

6 ആരൊക്കെനിന്നെ നിരസിച്ചിടുമെങ്കിലുംനിൻ-
ചാരത്തുനിന്നിവനകന്നു വസിക്കയില്ല;
പാരിച്ചധീരതയൊടിത്തരമോതിയോരീ-
ബ്ഭീരു,പ്രമാദി; ഗുരുനാഥാ! വെടിഞ്ഞു നിന്നെ!!

7 ഏററംവിഷാദമിവനങ്ങു വെടിഞ്ഞമൂലം
മുററുംനിനക്കകമെയ്യുണ്ടറിയുന്നു ഞാനും;
കുററംപൊറുത്തീടുക''യെന്നു നമിച്ചശീമോ-
ന്നുറററംനശിച്ചുടനെ''മേരി''സമീപമെത്തി!

8 ''അമ്മേ! പൊറുക്ക; ഗുരുവാമവനേകനെന്യേ-
യിമ്മന്നിലാരിവനുമില്ല, നിനക്കുമോർത്താൽ;
ഇമ്മട്ടിലൊന്നുനിനയാതിഹകൂട്ടുനിന്നു-
തിന്മയ്ക്കുഞാൻ;'' ഇതിപറഞ്ഞുകരഞ്ഞുശീമോൻ!

9 കാരുണ്യവാരിധി, കടാക്ഷമലിഞ്ഞു, നന്മ-
ക്കാരിന്നു ചെല്ലുകിലു,മാശകൾ നൽകിടുമ്പോൾ,
ആ, രാജ്ഞിമേരി, പരമാകുലമേറിയോരാ-
നേരത്തുപോലു,മവനോടരുൾ ചെയ്തീവണ്ണം:-

10 നീയാശ്രയിക്ക, ഗുരുനാഥനെ; മാഴ്കിടേണ്ട;
മായംവിനാ പിഴകളെന്തുമവൻപൊറുക്കും;
പേയാർന്ന യൂദർപുനരെന്തുനടത്തിയെന്നു,
പോയി,ത്തിരക്കിവരികെന്നരികത്തുവീണ്ടും.

11 പോന്നാനുടൻ ഗുരുവിനന്തികമെത്തുവാൻ; യോ,
ഹന്നാനൊടും മഹിതശിഷ്യസമൂഹമോടും,
വന്നോരപായമഥ ചൊന്നുനടന്ന തിങ്ങി-
നിന്നോരു ഖേദമൊടുതെററുരുവിട്ടുകൊണ്ടും!

12 പിന്നീടവൻ ധരയിൽവാണ ദിനങ്ങളെല്ലാ-
മാണ്ണേരമേ കഠിനമാമഴലോടുണർന്നു്,
തന്നാഥനേശുവെ മറുത്തുപറഞ്ഞതോർത്തി-
ട്ടെന്നേരവുംമഴകണക്കുചൊരിഞ്ഞുകണ്ണീർ!!

---

# മൃതിയിൽ!

(നരനായിങ്ങനെ)

മരണമേ! നിന്നെയൊഴിവാക്കാൻ മർത്ത്യ-
ക്കൊരുനാളും മന്നിൽ കഴിവുണ്ടോ?
മരണമേ! നീയെന്നരികിലേയ്ക്കെത്താൻ
വരു,മൊരുനാളെന്നറിവൂ ഞാൻ!
ഒരുവനും നിന്നിൽ പ്രിയമില്ല; നീ പോയ്:
മറയുവാനവർ കൊതികൊൾവൂ;
ത്വരിതമാകും നിൻവരവിൽ വാവിട്ടു
കരയുന്നെങ്ങുമേ ജനമെല്ലാം.
പകലുംരാവിലും തുടരുന്നനിൻെറ
പകയേറും കർമ്മനിവഹത്താൽ,
പലരും നിന്നോടു പരിഭവംപൂണ്ടു
നിലകൊള്ളുന്നു നീയറിയാതെ
ചിലർ നിന്നിൽ ഭീയാന്നകലെമാറുവാൻ
പല പരിശ്രമം തുടരുന്നു.
ചിലരേ നീവന്നു പിടികൂടീടുമ്പോൾ
പലരും സംഭ്രമിച്ചുഴറുന്നു.
ചില പക്ഷഭേദം പതിവാണങ്ങേയ്ക്കും;
ചിലരേ നോക്കാനും മടിയാം തേ.
ചിലരിൽ വേഗംചെന്നണയുന്നമൂല_
മൂലകം ശോകത്താൽ വിലപിപ്പൂ!

മറുവശം നോക്കാം; മരണമേ! നീയൊ-
ന്നൊളിവിൽപാൎക്കയെന്തനുഭവം?
തുലയുന്നു, ലോകം നരകമാകുന്നു;
നിലയില്ലാതുണ്ടാം നിലവിളി!
മരണമേ! നീയിങ്ങനെയൊന്നില്ലായ്കി-
ലൊരുവനും സ്വൎഗ്ഗം വശമാമോ?
പൊതുവിധിതന്നിൽ പതിയാമോ? ദൈവ-
സവിധമെത്തുവാൻ വഴിയുണ്ടോ?
മനുജജീവിതപരമസത്യം നീ;
പരമാൎത്ഥമതിന്നുയിരും നീ.
പരമങ്ങേ പിൻപേ തുടരും സത്തുക്ക-
പരിശുദ്ധ പദമരുളണേ!
ഹിതമാകുമ്പോഴം നീ വരിക; നേരത്തേ
പറയാം സ്വാഗതം മരണമേ!
അതുവരേയ്ക്കുഞാൻ മമ കൃത്യം ഭംഗ്യാ-
തുടരാ,മുത്സാഹഭരിതനായ്!!

# അക്ഷയഗാത്രം!

[കാകളി]

ഗോവയിലെത്തുവാനാകാംക്ഷ പൂണ്ടവ-
രേവരും പോയിട്ടു വന്നുകഴിഞ്ഞതല്ലോ!
കണ്ടവിടത്തിലനവധി കാഴ്ചകൾ;
കൊണ്ടാടിടാമതിലൊന്നെടുത്തിപ്പോൾ ഞാൻ.
കണ്ണാടിയിട്ടൊരു പെട്ടിതന്നുള്ളിലായ്,
കണ്ണിണ പൂട്ടിക്കാൽ നീട്ടി നിശ്ചേഷ്ടമായ്,
നാന്നൂറുവർഷത്തിനപ്പുറമന്തരി-
ച്ചൂനമില്ലാതെ ''സെൻറ് സേവ്യർ'' ശയിക്കുന്നു!
പാവന,-പൂജിത,-പുണ്യതിരുശേഷി-
പ്പേവരും ചുംബിച്ചു ഗോവയിൽ പോയവർ!
ഇന്നുമരിച്ചുകിടക്കുമൊരാളെന്നു
തോന്നിടും കാണ്മോർക്കു വിസ്മയം! വിസ്മയം!
സംസ്കാരകർമ്മത്തിലൊന്നിൽസഹകരി-
ച്ചു,ൾക്കാമ്പു നാനാവികാരഭരിതമായ്,
പിൻതിരിഞ്ഞേവരും, തൻശിഷ്ടദാസർക്കു
തമ്പുരാൻനൽകുമനുഗ്രഹം പാർക്കവേ!
വന്നവർ തന്നുടെ ദേശമോ, ഭാഷയോ,
നന്നായറിവാൻപണിപ്പെടും തൽക്ഷണം!
വന്നുചേർന്നീടുവോരാരിലുമാഗ്രഹ-
മൊന്നാണ,തേവരും സാധിച്ചുതുഷ്ടരായ്!

ഭക്തിപ്രഹർഷത്തിരസ്സ്കത്താളമാ-
''ന്നെത്തും പിടിയുമില്ലാതെ'' നീങ്ങിടുന്നു!
പുണ്യഗാത്രംകണ്ടു,മുത്തുവാൻ വെമ്പലാ-
ന്നെണ്ണമില്ലാത്ത ജനരാജിമേൽക്കുമേൽ,
സാഗരംനോക്കികുതിക്കുംനദികൾതൻ-
വേഗവും, ഭാവവുംപേറിച്ചരിക്കയാം!
തൻദിവ്യദേഹംപരത്തുവാനീശൻെറ-
പാദംഭജിപ്പാൻ ജനത്തേയൊരുക്കുവാൻ
അശ്രാന്തയത്നംനടത്തിത്തളന്നിതാ-
വിശ്രമിക്കുന്നു വിശുദ്ധ,നിഗ്ഗ്രോവയിൽ!
പുണ്യത്തിടമ്പേ!സുഖനിദ്രപൂണ്ടങ്ങു-
മണ്ണിനും വിണ്ണിനുമൊത്ത മദ്ധ്യസ്ഥനായ്,
ഗണ്യമാംസേവനം ഞങ്ങൾക്കുചെയ്യാലു-
മുണ്ണികൾ, ലൗകികഭ്രാന്തർ,വൻപാപികൾ!!
.........................................
''കൃവി''ലണഞ്ഞുദർശിച്ചു,കരംകൂപ്പി-
യേവരു.പ്രാത്ഥിച്ചു, ഭക്തവസ്തുക്കളും
മെല്ലെത്തൊട്ടുവിച്ചു; ചുംബിച്ചു,പ്രീതരാ-
യല്ലോ,മടങ്ങുന്നു! കോൾമയിർക്കൊണ്ടഹോ!
ആയിരമാളുചുംബിച്ചുനീങ്ങിടുമ്പോ-
ളായിരംവീണ്ടുമണഞ്ഞുകഴിഞ്ഞല്ലോ!
കാണുന്നുമോദവും സ്നേഹാദരങ്ങളും
ചേർന്നാർന്നൊരേമട്ടിലേവക്കു,മെങ്ങുമേ!
എങ്ങുംനിശബ്ദത! ഗംഭീരഭാവവും!
മങ്ങാത്തശാന്തിയു,മാത്മചൈതന്യവും!
ധന്യ,നീപാരംകനിഞ്ഞുവരഗണ-
മെയന്നുമേ ഞങ്ങൾക്കുനൽകിയാലുംവിഭോ!

ഞങ്ങടാംതൻപൂർവ്വികർ നിൻകരംചുംബിച്ചു,
ഞങ്ങളിതാ,മുത്തിടുന്നു തൃപ്പാദവും!
ജീവിതയാനംതുടൎന്നീടുമീഞങ്ങടാം,
ജീവിതാന്ത്യത്തിൽ നിന്നോടൊത്തുദേവനിൽ
ചേരുവാൻ നീ കൃപചെയ്യുസെൻറു്സേ വ്യറേ!
നേരുന്നു നിൻവരം; ഭോ! വിടനൽകണേ!
ഏതുവഴികളതിരിക്കിലുംഞങ്ങളിൽ
നിൻതുണ,മാരിപോൽപ്പെയ്യുവാൻ കൈതൊഴാം!!

# വാഴയുടെ ആത്മകഥ.

1 ജനിച്ചുഞാനമ്മയിൽനിന്നു കുപ്പ-
ക്കുഴിക്കകത്തന്നു രഹസ്യമായി,
പിളൎന്നുമണ്ണിൽതലനീട്ടി,രാവിൽ-
പ്പിറന്നചോരച്ചെറുകുഞ്ഞുപോലെ!

2 ഒരിക്കലൊക്കൎഷകനെന്നെവന്നു-
പിരിച്ചുമാററിക്കുഴികുത്തിനട്ടു;
പിരിഞ്ഞുഞാനമ്മയിൽനിന്നു;ഭാഗ്യം
തിരിഞ്ഞുപോരുന്നൊരുപുത്രനേപ്പോൽ.

3 ഞങ്ങൾക്കുമാതാക്കളെനോക്കിടേണ്ടു-
ദായക്രമംസംഗതമല്ലപണ്ടേ;
എന്നാകിലുംസന്തതിവേണ്ടതുണ്ടു്,
കുടുംബമോ കൌതുകപൂൎണ്ണമത്രേ.

4 വളംമുദാവേണ്ടതുനൽകിയെന്നെ-
ലാളിപ്പുതേകൎഷകനാശയോടേ;
ഓരോന്നതായ്ക്കുമ്പുകൾനീട്ടിയാടി-
ക്കാററത്തുദേശീയപതാകപോൽഞാൻ.

5 വഴിക്കുപോകുന്നവർ ഞാൻതിളപ്പിൽ-
ത്തഴച്ചുനിൽക്കുന്നതു ‘‘കണ്ണുവച്ചു;’’
ഒഴുക്കി[illegible]നാക്കതിലൂടെവെള്ളം-
വഴിഞ്ഞിടുംപേനരിയെന്നപോലേ.

6 നാലഞ്ചുമാസങ്ങഠംകഴിഞ്ഞു,ക്കുമ്പിൻ-
നീളംകുറഞ്ഞ,ങ്ങടനെഞ്ഞാൻകുലച്ചു;
പോളയ്ക്കുകം,പൊട്ടിവിടൎന്നകായ്കഠം
നീളംപെട്ടംകൈവിരൽപോലെതോന്നം.

7 അന്നെൻകൃഷിക്കാര,നകംകുളിൎത്തു
നിന്നല്പ,മൊന്നെണ്ണി; മുറയ്ക്കുനോക്കി;
''നന്നെ''ന്നുമോദാൽതലയാട്ടി,യിമ്പ-
മൊന്നങ്ങുകാണിച്ചു,പിതാവിനേപ്പോൽ.

8 ദിനങ്ങളോരോന്നുകഴിഞ്ഞുപോകെ-
ത്തലയ്ക്കുഭാരത്തികവേററമേറി;
വളഞ്ഞിടുന്നുണ്ടറിയാതെതന്നേ.
വയസ്സിയാംയാചകിപോലെനിന്നേൻ,

9 കടന്നുപോകുന്നവർമെല്ലെയെന്നോ-
ടടുത്തു,നോക്കിപ്പറയുംപഴത്തോ!
പിടന്നുപോകാതുടനൂന്നുനാട്ടി-
ക്കൊടുക്കണംവൃദ്ധനുദണ്ഡുപോലെ!

10 അച്ഛൻകണക്കെന്നെവളൎത്തിയെൻെറ-
യിച്ഛയ്ക്കുനിത്യംപരിതുഷ്ടിചേൎത്താൻ,
മെച്ചെൻകൃഷിക്കാരനുവേണ്ടതേകാ
നിച്ഛിച്ചുഞാൻ,പ്രത്യുപകാരിയേപ്പോൽ.

11 അടുത്തണഞ്ഞാ,ത്തിരുവോണകാലം;
കൊടുത്തുഞാനെൻതലകർഷകന്നു;
എടുത്തുതോളത്തുകരേററിമോദാൽ
നടന്നവൻ;കുഞ്ഞിനെ,യമ്മപോലെ!

12 തനിക്കുവേണ്ടിപ്പലനന്മചെയ്ത–
നല്ലോൻെറകണ്ണും മനുജൻമറിക്കെ,
സ്വല്പസാമന്യൻെറഗുണത്തിനേകം
വാഃഴ!തൊഴാം,പോര,ന.മസ്കരിക്കാം!!

---

# അന്തോനീസും മൽസ്യങ്ങളും!

(വഞ്ചിപ്പാട്ട്)

വിശുദ്ധനാകു"മന്തോനീസ്' മതപ്രസംഗത്താൽ ദൈവ-
വചസ്സുകൾലോകമെങ്ങും പരത്തുംനാളിൽ,
രമണീയമായു,മതിഫലപ്രദമായുംമിന്നും
"റെമനിയാ"നാട്ടിലെങ്ങുമന്ത:ഛിദ്രങ്ങൾ,
വളരുകമൂലം വീടും,നഗരവുംവിട്ടനീതി-
വളരെദൂരെത്തായ് വൈരംകിളരുകയായ്;
മതനിഷ്ഠകൾ സന്മാർഗ്ഗസ്ഥിതിയതുംവിട്ടുമർത്ത്യർ
മതിവരുവോളം തിന്മവലിച്ചുകൂട്ടി!
"ദുരിതങ്ങളെന്തുംചെയ്യും; പരവശരാകുംപിന്നെ-
നരകങ്ങളേറെത്തീക്കും നശിക്കുംതാനേ"!
അതിദയനീയമാമീ സ്ഥിതിയറിഞ്ഞഴലാന്ന
മതിമാ"നന്തോനീസോ"ടിയവിടെയെത്തി;
സത്യം,ധർമ്മം,സാധുജനരക്ഷയെന്നിവയ്ക്കായ് ശുദ്ധൻ
ബദ്ധപരിശ്രമംചെയ്തു; വിഫലമായി!
"രക്തമൂററിക്കുടിക്കുമാ,മശകങ്ങൾക്കുണ്ടോ ദൈവ-
ഭക്തിയോ, വിശുദ്ധസ്നേഹബഹുമാനമോ?"
ഒരുവാക്കുംചെവിക്കൊണ്ടീലവർ മഹാത്മാവിൻറെ നേർക്കു-
പരുഷവാക്ശരമയ്യോ! തൊടുത്തുവിട്ടു!
എന്തുമവൻസഹിച്ചിതു ക്രിസ്തുവിനായ് ജീവരക്തം

ചിന്തുവാനും സന്നദ്ധനായ് സമരമിതിൽ!
ശരണം പ്രാപിച്ചീശൻതൻ
സവിധേയൊരുനിശയിൽ

കരങ്ങൾ കൂപ്പി സുഷുപ്തിവെടിഞ്ഞുപാവം,
ഇരന്നുതന്നഭീഷ്ടങ്ങൾ സഫലമായ് തീരാൻവേണ്ടും
വരങ്ങളേകുവാൻ സിദ്ധൻദയനീയമായ്!
പുലരിയോളം പ്രാർത്ഥിച്ചു പരമബലിയർപ്പിച്ചു-
പുലർകാലേനടകൊണ്ടു ധൈര്യപൂർവ്വകം
അവിടെങ്ങും വിളിച്ചു,നാലരികിലണഞ്ഞോർ
തുച്ഛം;

അവരുണ്ടോ വിളികേൾപ്പൂ ധിക്കാരമാർന്നോർ!
ലഭിച്ചവരെല്ലാംതന്നെ മർദ്ദനവിധേയരായോർ
സഭയം പരുങ്ങിനിത്യം പെരുമാറേണ്ടോർ.
അനുഗമിച്ചവരൊത്തു ''മറേച്യ''നദീമുഖത്തി-
ലനുക്ഷണ ''മഡ്റിയാററിക്ക''ഭിമുഖമായ്,
നിലകൊണ്ടു പ്രസംഗങ്ങൾ തുടരുന്നു ഗുരുവരൻ,
നലമൊടാക്കടൽ മത്സ്യനിവഹത്തോടായ്:
ശ്രവിപ്പിൻനിങ്ങളെൻവാക്യം മനുഷ്യർദൈവമഹത്വ
മവിശ്വസിച്ചവർ പുറംതിരിഞ്ഞമൂലം
അവരെവിട്ടിന്നുനിങ്ങൾക്കരികിലേയ്ക്കണഞ്ഞിതാ.
പ്രവചനം തുടരുന്ന വരുവിൻനിങ്ങൾ
സ്വരമിതു ജലനിധിക്കടിവരേകേട്ടിതു മീൻ-
നിര സ്വനഗ്രാഹിയന്ത്രശ്രവണം പോലെ!
ഗുരോ! നിൻെറവിളികേട്ടുവരുന്നിവരെന്നു കടൽ,
തിരകളാം കരങ്ങളാലാംഗ്യം കാട്ടി,

ഞൊടിയിടയ്ക്കുള്ളിലടക്കളത്തിലേയ്ക്കെത്താൻ പട-
തിട്ടക്കമായ് ''മാർച്ചു''ചെയ്യുന്നതുപോലെവേ
വരുന്നതാമത്സ്യഗണം, ഗുരുപാദത്തിങ്കലെത്താൻ
ചെറുതും,വലുതും മുറയ്ക്കണിയണിയായ്!
ഇരുനിരകളിൽതീർത്ത രജതമാല്യംകണക്കേ
ഗുരുപദംതന്നിലെത്തിയാജ്ഞപാലിച്ചു!
"പ്രതിഛായതന്നിലീശൻ ചമച്ചതാംസ്വന്തജന-
തതികളേനിങ്ങളുടെ ബോധമേവമോ?!
അറിയുന്നോ നിങ്ങളിന്നീയവഹേളനത്തിൻഫലം?
അറിയുന്നുമുനിയായഞാൻ സകലവും.
വരുന്നില്ലാരുമെങ്കിലോ?വരുത്താൻ
കെല്പാർന്നോനിവൻ,
ധരിക്കുവിൻമത്സ്യഗണം ദർശിച്ചെങ്കിലും!
ഉൽസുകരായെൻവിളിയേ
വഴിപോൽശ്രവിച്ചണഞ്ഞ
മത്സ്യരാജികളേ! നിങ്ങളനുഗൃഹീതർ!!
അതിവിസ്തൃതമായോരീജലാശയംനിങ്ങൾക്കിന്നു
അധിവാസകേന്ദ്രമാക്കിത്തരുന്ന ദൈവം!
പ്രതിദിനമാഹാരവും, അഭയവുംനൽകി,കോളിൽ
അതിവേഗംനീന്താൻ ശക്തിയവൻനൾകുന്നു!!
സൃഷ്ടികാലത്തിലേ നിങ്ങൾവദ്ധിച്ചുപ്പലനീടുവാൻ
തുഷ്ടിപൂർവ്വമവനാശീർവ്വാദവുംനൽകി,
ഇളയിലേമർത്ത്യഗണം സകലതുംനശിപ്പിച്ച-
പ്രളയത്താൽ; നിങ്ങളേയോപരിരക്ഷിച്ചു!!
ദിവ്യനായ''യോനായ്''ദീർഘദശിയേ,രക്ഷിപ്പാൻ
ഭാഗ്യം
കൈവന്നതുംനിങ്ങൾക്കല്ലോ,ബഹുമതിയും!!

മനുഷ്യാവതാരംചെയ്ത സുതനായദൈവത്തിനു
പുനരുത്ഥാനമതിന്നു മുൻപിലും,പിൻപും
രാജഭോഗംനൽകാൻ പണം,ഭക്ഷ്യമെന്നിവകകളിൽ
രാജോചിതംസ്വീകരിച്ചു പരിചരിച്ചു;
സൃഷ്ടിജാലങ്ങളിൽ നിങ്ങൾക്കിവിധമാമാനുകൂല്യം
സ്രഷ്ടാവവൻനൽകി; വാഴ്ത്തിസ്തുതിക്കവനേ''
ഇഷ്ടമേറുമുപദേശംകേട്ടു ബോദ്ധ്യപ്പെട്ടവെന്നു
ചേഷ്ടകൾകാണിച്ചുമോദം പ്രകടനമാക്കി''
തിര്യക്കാകും മത്സ്യരാശിതത്വവാക്യമെത്രമാത്രം
കാര്യമായിക്കേട്ടവെന്നു നിങ്ങൾകാണുവിൻ!
''ഇളയിലാരിവനൊപ്പം ബലവാനായിന്നിരിപ്പൂ?
കളിയല്ലെ''ന്നാളുകളുമമ്പരന്നുപോയ്!
കുറച്ചുപേരാവിശേഷമോടിച്ചെന്നുപട്ടണത്തി-
ലറിയിച്ചു, ജനസംഘംപാഞ്ഞവിടെത്തി—
ആശ്ചര്യമീക്കാഴ്ചകണ്ടു ഞെട്ടിമതവിരോധികൾ
വിശ്വസിച്ചുമുനീന്ദ്രനേ,ത്താണുവണങ്ങി!
അത്ഭുതം മുനിപ്രഭാവ,മെന്നെല്ലാരുംസമ്മതിച്ചി-
ട്ട,പ്പുമാൻെറ മഹൽപദതളിരിൽവീണു.
ക്ഷമിക്കണേ! പൊറുക്കണേ! ഗുരോ
വേണ്ടതെല്ലാംചൊല്ലി-
ത്തരേണമേ!യെന്നർത്ഥിച്ചുവണങ്ങിനിന്നാർ!
പ്രതീക്ഷയിൽ കവിഞ്ഞുള്ളഭയ,ഭക്തി,ബഹുമാനം
മതവൈരികളിൽകണ്ടു മുനിതൃപ്തനായ്!
ചുററിലുംകൂട്ടമിട്ടീടും ജനപ്രവാഹത്തെനന്നാ-
യുററുനോക്കിയാമഹാത്മാവനുഗ്രഹിച്ചു!
സത്യവിശ്വാസമാം ദിവ്യപ്രേമാഗ്നിതൻ
കിരണങ്ങൾ

കത്തിച്ചവക്കുള്ളിലേയ്ക്കായിയിറക്കിവന്ദ്യൻ!
അനവാദംപ്രതീക്ഷിച്ചു മത്സ്യങ്ങളപ്പോഴും മുമ്പിൽ
അനങ്ങാതെനിന്നിരുന്നു മുനിയേനോക്കി;
അവരെത്താനാശീർവദിച്ചയച്ചു സന്തോഷിച്ചാദ്യം
അവവന്നപോലെതന്നെ പിരിഞ്ഞുപോയി!
തന്നടുത്തുനിന്നിരുന്നഭക്തരെല്ലാം കൌതുഹലം
കുന്നിച്ചത്ഭുതസ്തബ്ധരായ് നിലകൊൾകെത്താൻ;
അവരേയനുഗ്രഹിച്ചും കടാക്ഷിച്ചുംവിട്ടുപുണ്യ–
പുമാൻ,പിന്നെപ്പോയിതാനും പ്രഭാഷണാത്ഥം.
മുൻകഥകൾകേൾക്കകയാൽ
മലവെള്ളംപോലെപാഞ്ഞു;
തങ്കലെത്തിജനതതി സംഖ്യയില്ലാതെ;
അവരേയും•വാഗ്മിവര്യൻ പ്രസംഗമാം•സുധയൂട്ടി-
നവശക്തിചേത്തു സാക്ഷാൽമനുഷ്യരാക്കി!
പുണ്യവാനേവംതുടൻശ്രമിക്കയാൽ മർത്യലോകം
ഗണ്യമായുണന്നുയന്നു ഭാഗ്യവാന്മാരായ്;
''വിശുദ്ധരാംമുനീന്ദ്രരേ!യേതുകാലത്തിലുംനൽകി
നശിച്ചിടാതെതൻ സുതഗണത്തേപ്പോററും
പരാപരാദൈവമേ! നിൻകരുണയാംകടലിലെ–
ത്തിരകളിലീ,ഞങ്ങൾക്കരക്ഷനൽകണേ!!

# തിരുവോണം!

കേരനാട്ടിൽ കേളിയുയരുന്നോ‘ ‘രോണം’ ’വന്നല്ലോ;
നേരിലുണർവ്വും തോഷവുമേറി കളികൾ തുടർന്നല്ലോ;
നെല്ലിൻകുലകൾ വിളഞ്ഞുവിളങ്ങീ
പൊന്നോണത്തിന്നായ്
വല്ലികളോമൽപ്പൂങ്കുല ചൂടികാററിൽ ചാഞ്ചാടി!
വാനത്താകെ നിരന്നൂ താരകൾ പൂനിര പോലിരവിൽ
വാനം പാടികളല്ലും, പകലും കളഗാനം പാടി!
പൊന്നിൻചിങ്ങം വിളവുവഹിപ്പോരുത്സവ
കാലം താൻ
മുന്നം തൊട്ടു മലയാളത്തിൽ മാലോകർക്കെല്ലാം!
‘ഓണത്തപ്പൻ’ വരുമെന്നുള്ളൊരു പഴമയതുണ്ടെന്നാൽ
ഓണം പുത്തരിയാഘോഷമതെന്നറിവുള്ളോർ പറയും
വീടുകൾ തോറുമലങ്കാരം പല ഭോജ്യവിശേഷങ്ങൾ,
കൂടുതൽ കുറവിൻ ക്രമമെന്നതുപോൽ ചെയ്യുന്നെല്ലാരും!
കുളിയോടൂണും കളിയും തന്നേ തിരുവോണത്തും നാൾ
ഇളയിതിലിങ്ങനെയുണ്ടോ വേറൊരു
പരമാഹ്ളാദദിനം!
കോടിയുടുത്തും മോടിയണിഞ്ഞും പാട്ടുകൾ
കേൾക്കുമ്പോൾ
ചാടിമറിഞ്ഞു തകർത്തു കളിപ്പൂ ബാലാവലി നീളേ!
മലയും, വയലും പുരുഷാരത്താലെങ്ങുമൊരേമട്ടിൽ
പലവിധരീതി വിനോദമതെല്ലാം മുറപോൽ തുടരുന്നൂ!

പൂങ്കുയിൽപാട്ടുംതാളത്തിന്നളിമെല്ലെശ്രുതിമൂളി
പെൺകൊടിമാരവർ കൈകളടി
ച്ചാ‘‘ത്തിരുവാതിര’’കളിയായ്!
ചിരിയും,മേളവു,മാർപ്പും. വള്ളംകളിയും,പലമട്ടിൽ
പരിചൊട്ടുതുടരെ;ക്കേരംകാററിൽ
രസമൊട്ടുതലയാട്ടി!
കളികൾനടപ്പൊരുതാളത്തിന്നടിയൊത്തുമുറയ്ക്കെങ്ങും!
കിളികൾകൂടിപ്പാടിവിസ്മയത്തിൽ
പൊറങ്ങിത്തൊഴുകയായ്!
തിങ്ങുംമംഗളമൊത്തിനിമേലും
‘‘തിരുവോണപ്പെണ്ണേ!’’
ചിങ്ങംതന്നിൽവരണേസുഭഗേ! നീ മടികൂടാതെ!!
കേരളനാട്ടിൽ കേളിയുയർന്നോരോണംവന്നല്ലോ!
നേരിലുണർവ്വുംതോഷവുമേറികളികൾതുടർന്നല്ലോ!

# ലോകമേ, ചിന്തിക്ക നീ!

(കേക)

കണ്ടതില്ലിതേവരെ കണ്ടറിഞ്ഞില്ലമർത്ത്യൻ
കണ്ടുകണ്ടടുത്തെന്നുതോന്നിടാം ലോകംപാർത്താൽ;
എത്രമേലാഴത്തിൽ നാംചിന്തയാൽമുങ്ങിത്തപ്പു-
ന്നത്രമേലാഴംകൂടിക്കാണുന്നു വീണ്ടുംവീണ്ടും!!
ഇന്നുനാമൊരാശയം പഠിച്ചു,പ്രയോഗിച്ചു,
നന്നെന്നുഗ്രഹിച്ചതു നാളെയോ.ശൂന്യപ്രായം,
ഇങ്ങനെകൈക്കൊണ്ടീടും കുടഞ്ഞുദൂരെത്തള്ളും;
എങ്ങിനെപുരോഗതിയാരെന്തുകണ്ടറിഞ്ഞു?!
സത്യമൊന്നുണ്ടോ? ലോകംപറയുന്നൊരുസത്യം
കൃത്യമായരക്കാണി,യൊന്നില്ലം കണികാണാ!
ആദിതൊട്ടിതേവരെ വളർന്നവിഷവൃക്ഷം
ജാതമാംഫലംനൽകാൻ മുതിർന്നതിക്കാലമോ?
ഏതിലുണ്ടമ്പോ!സത്യം? നീതിയെങ്ങുവാൻകാണും?
ഭീതിയാംനരർകാട്ടും, വൃത്തിഹീനമാം‘‘വ്യാജം!!’’
സത്യമാംപദമിന്നി ‘‘മ്യൂസിയം’’തന്നിലുള്ള
ഭിത്തിയിൽവലിപ്പത്തിൽവരച്ചുകാട്ടാൻകൊള്ളാം!!
അല്ലാതെവിലയില്ല. ലോകത്തിലാവാക്കിന്നു
ചൊല്ലുമ്പോളർത്ഥം ‘‘പൊളി’’യെന്നു
ചേർക്കയേവേണ്ടൂ ൧

ഇന്നു കണ്ടിടുംതത്ത്വമല്ലിതുനാളത്തേതു;
വന്നുചേരുന്നുവീണ്ടും മറ്റൊന്നുമറ്റെന്നാളിൽ;

ഇങ്ങനെയുണ്ടോ? പഞ്ചതന്ത്രമാംശകടത്തിൽ,
വഞ്ചനക്കൊടി നാട്ടി,നാട്ടിലാറാട്ടംകാലം!!
ഒരുപൈക്കാശുകൈയ്യിൽകിട്ടുവാൻതരമുണ്ടോ?
ഒരുവഞ്ചനയല്ലൊരായിരംചെയ്യുംനരൻ!!
വിലയായ്യ് കഥിച്ചിട്ടുന്നൊരുവാക്കും ലംഘിച്ചാൽ
വിലയിലല്പം മാറ്റംവരുമോചെയ്യുംവേഗം!
വിജയിക്കില്ലെന്നാകിൽ,ആണയും, മനഃസാക്ഷി-
വീണയുംമീട്ടിക്കൊണ്ടുഞെളിഞ്ഞുനിൽക്കും മുമ്പിൽ
സ്വന്തതാല്പര്യംനേടാൻ ഇവ്വിധംദിനംതോറും
ഹന്ത! മാനുഷൻചെയ്യും വക്രതയൊടുങ്ങുമോ?
ഇത്തിരിപ്പൈസക്കാവാം ഒരുകൈമണ്ണിന്നാവാം,
എന്തെന്തുകോലംതുള്ളാൻ മാനുഷൻമടിക്കില്ല!
എത്രയോ ധനക്കുന്നതന്നടിമാളത്തിങ്കൽ
പത്തിയുംവിടർത്തിയാ വ്യാജമാംവ്യാളംനിൽപ്പൂ!!
കൊത്തിയാരെയുംകൊല്ലാൻ മടിയില്ലി,വതമ്മിൽ
രാത്രിയുംപകലുമെന്നുള്ളൊരാഭേദംമാത്രം!
എന്നുതീരുമോ? ആവോ! ആശയാംകടൽക്കുള്ളിൽ
മുങ്ങിനീർച്ചുഴിക്കകംതാഴ്കിൽ പൊങ്ങീടുമോ?!
ആരറിഞ്ഞീടുന്നെല്ലാംനേരെയായ്യ് തീരാനെത്ര-
''നേരി''നിക്കഥിക്കേണം
''ലോകമേചിന്തിക്കനീ!''
നമ്മിലീരീതിക്കെന്നും തീക്കളിനടത്തീടിൽ
ഇമ്മഹിമക്കൊക്കെന്തുസംഭവിക്കുമോ? മേലിൽ!!

## ഗ്രന്ഥകർത്താവിന്റെ പ്രഥമകൃതിയായ "സ്മരണ"യെക്കുറിച്ചുള്ള അഭിപ്രായങ്ങൾ!

-x-

എത്രയും സ്നേഹപൂർവ്വമയച്ച "സ്മരണ" എന്ന ലഘുകാവ്യം സാദരം സ്വീകരിക്കുകയും സകൌതുകം വായിക്കുകയും ചെയ്തു. അക്ലിഷ്ടവും അകൃത്രിമസുന്ദരവും ലളിതവും ഹൃദയാവർജ്ജകവുമായിരിക്കുന്നു അതിലെ കവിതകൾ ഓരോന്നും. നിങ്ങളുടെ തത്വചിന്തകളും ഭക്തി ശുദ്ധമായ മനസ്സും അവയിൽ തെളിഞ്ഞുകാണാം. ഒന്നിനേയും പ്രത്യേകം എടുത്തു പറയേണ്ടതില്ലെങ്കിലും പുത്രവിയോഗം എന്ന കവിത വളരെ കേമമായിരിക്കുന്നു എന്നു പറയാതെ വിടാൻ മനസ്സു സമ്മതിക്കുന്നില്ല. ജൂലൈ മൂന്ന്, കുരിശിൽ, എന്നു തുടങ്ങിയ കവിതകൾ നിങ്ങളുടെ ഭക്തിവിശ്വാസങ്ങളുടെ പാതകളാകുന്നു. നല്ല വാസനയും ഭാവനയും ഉടനീളം തെളിഞ്ഞുകാണുന്നുണ്ട്. നിങ്ങൾ നീണ്ടു പരിശ്രമിച്ച് ജന്മസിദ്ധമായ വാസനയെ പരിപുഷ്ടമാക്കുവാൻ ഒട്ടും അമാന്തിക്കരുതെന്നാണ് എന്റെ അഭിപ്രായം. ശ്രീ. ജോസഫിന് എല്ലാവിധ വിജയാശംസകളും ഞാൻ നേരുന്നു.

എന്ന്, വിശ്വസ്തൻ.

പുത്തേഴത്തു രാമൻമേനോൻ (ഒപ്പ്)

ശ്രീ ജോസഫ് പി. മാൻവെട്ടം അവർകളുടെ പ്രഥമകൃതിയാകുന്ന സ്മരണ ശ്രദ്ധാപൂർവ്വം ഞാൻ വായിച്ചു. കവിതാവിഷയമായി ശ്രീ. ജോസഫിനുള്ള വിജയോന്മുഖമായ വാസനയും വിശിഷ്ടമായ ഭാവനയും ഈ പ്രഥമകൃതി വേണ്ടുവോളം വിശദമാക്കുന്നുണ്ട്. അർത്ഥക്ലേശമോ, അഭംഗിയോ കൂടാതെയും അനുയോജ്യങ്ങളായ ലോകോക്തികളും ഇതരാലങ്കാരഭംഗികളും അനുരൂപമാംവിധം ആവിഷ്കരിച്ചും ആശയപ്രകാശം സാധിക്കുന്ന വിഷയത്തിൽ ശ്രീ. ജോസഫ് പ്രശംസാർഹമാംവിധം വിജയിച്ചിട്ടുണ്ട്. ഈ കൃതിയിലെ "ചെറുപുഷ്പത്തിന്റെ ചിന്തകൾ, അമ്മ, കുരിശിൽ, പുത്രവിയോഗം, ആർക്കുവേണ്ടി" എന്നീ കവിതകൾ പ്രത്യേകിച്ച് പ്രസാദസുഭഗങ്ങൾ തന്നെ! ശ്രീ. ജോസഫിന്റെ സാഹിത്യപരിശ്രമങ്ങൾക്ക് സർവ്വമംഗളങ്ങളും ഞാൻ ആത്മാർത്ഥമായി നേർന്നുകൊള്ളുന്നു.

എന്ന്, സ്നേഹപൂർവ്വം

പ്രവിത്താനം പി എം. ദേവസ്യാ

(ഒപ്പ്)

---

ശ്രീ. ജോസഫ് പി. മാൻവെട്ടം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന സ്മരണയെന്ന ലഘുകാവ്യം ഞാൻ വീണ്ടും വീണ്ടും വായിച്ചു ആദ്യകൃതിയെന്ന നിലയിൽ ആരുടേയും പ്രശംസയ്ക്കു് അതു് അർഹമാണെന്നു് ഞാൻ കരുതുന്നു. അതിലെ ലഘുകവിതകൾ ഓരോന്നും വിലയിരുത്തി നോക്കിയാൽ ലാളിത്യം, അലങ്കാരഭംഗി. സ്വാരസ്യം, അർത്ഥപുഷ്ടി, ഇവയിലൊന്നും അത്ര പി

ന്നോക്കമെല്ലെന്നു് സഹൃദയന്മാരായ വായനക്കാർക്കു് കാണുവാൻ കഴിയും. ശ്രീ. ജോസഫിൻെറ കവിതാവാസന മുളയെടുത്തു വളർന്നുവരുന്നുണ്ടെന്നു് ഓരോ കവിതയും വിളിച്ചുപറയുന്നതാണു്. ഇപ്രകാരം അന്യൂനമായി മൊട്ടിട്ടു വികസിച്ചുവരുന്ന ആ, വാസനാവൈഭവത്തെ വളർത്തിയെടുത്തു് ശ്രീ ജോസഫ് ഉത്തമകവികളുടെ നിരയിലേക്കു് കയറുവാൻ സംഗതിയാകട്ടെ! ആദ്യ കാൽവയ്പ്പു് ഇത്രകണ്ടു് വിജയകരമായതിൽ സന്തോഷിക്കുകയും കവിതാവിഷയത്തിൽ ശോഭനമായ ഭാവിയെ കൈവരിക്കുവാൻ ശ്രീ. ജോസഫിനെ ജഗദീശൻ അനുഗ്രഹിക്കട്ടെ! എന്നു് ആശംസിക്കുകയും ചെയ്യുന്നു.

എന്നു്, സ്നേഹസമന്വിതം.

റവ: ഫാദർ ജോസഫ് വേഴമ്പത്തോട്ടം, (ഒപ്പു്)

കൊഴുവനാൽ.

---

''സ്മരണ''യിലെ ഓരോ കവിതയും എന്നെ ഹഠാദാകർഷിച്ചു പേരെടുത്തുകഴിഞ്ഞിട്ടുള്ള കവികളുടെ കൃതികൾക്കു യാതൊരു വിധത്തിലും പിന്നിലല്ല ഈ കൃതി എന്നു ആത്മാർത്ഥതയോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. മതബോധവും, തത്വജ്ഞാനവും പ്രകൃതിനിരീക്ഷണപടുതയും തൽകർത്താവിൽ ഒത്തിണങ്ങിയിട്ടുണ്ടെന്നു് ഇതിലെ പദ്യങ്ങൾ അനുവാചകന്മാരെ ഗ്രഹിപ്പിക്കും. ,,ചെറുപുഷ്പത്തിൻെറ ചിന്തകൾ, പുത്ര വിയോഗം ഇവയിൽ എത്രമാത്രം മനോഹരങ്ങളായ ആശയങ്ങളാണു് നിരത്തിവച്ചിട്ടുള്ളതു്. അതു് എത്ര പ്രാവശ്യം

വായിച്ചാലും മനം കുളിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽ "മാൻവെട്ടംകുന്നു്" വായിച്ചപ്പോഠം ആ കുന്നിൽ വീണ്ടു് (വിൺവെട്ടം) ആദ്യമായി കണ്ട ഞാൻ എഴുപതുകൊല്ല ങ്ങാംക്ക മുൻപു് ഭവൽ പിതാവിനോടൊന്നിച്ചു് ആ കു ന്നിൻചരുവുകളിൽ ബാലലീലയിൽ ഏർപ്പെട്ടിരുന്ന രംഗം സ്മൃതിപഥത്തിൽ പൊന്തിവന്നു. ഇങ്ങനെ മൂന്നു പദ്യങ്ങാംമാത്രം എടുത്തുപറഞ്ഞുവെങ്കിലും മററുള്ളവയും അർത്ഥപുഷ്ടിയും, പ്രതിപാദനഭംഗിയും ഭാവനാസമൃ ദ്ധിയും മനോഹരിതവും മികച്ചുനിൽക്കുന്നവ തന്നെ! ആകയാൽ മി. ജോസഫിനെ ഞാൻ അനുമോദിക്കുകയും ഈ കൃതിക്കു പ്രചുരപ്രചാരം ആശംസിക്കുകയും സ്മരണ യുടെ സഹോദരികാം ധാരാളം ഉണ്ടാകണമെ എന്നു് ദൈവത്തോടു് പ്രത്യേകം പ്രാത്ഥിക്കുകയും ചെയ്യുന്നു. പ്ര ത്യേകിച്ചു് ഞാൻ വസിക്കുന്ന ഈ ഭവനത്തിൽ ജനിച്ചു വളർന്ന എൻെറ പ്രിയ മുത്തശ്ശിയുടെ രക്തത്തിലാണ ല്ലോ ശോഭനഭാവി സമ്പന്നനായ ഈ കവി ജാതനായ തെന്നും, എൻെറ മാതൃപിതൃവ്യനാണു് ഈ സ്മരണ സ മർപ്പിച്ചിരിക്കുന്നതു് എന്നും ചിന്തിച്ചു്, ബീജാങ്കുരന്യാ യേന ഞാൻ ആനന്ദിക്കുകയും ചെയ്യുന്നു.

എന്നു്, സ്വന്തം

വി. സി. ജോർജ്ജ് ബി. ഏ. എൽ. ററി.

വടക്കേക്കര, കുറവിലങ്ങാടു്. (ഒപ്പു്)

---

കവിതയുടെ കൂമ്പടഞ്ഞുപോയി എന്നു പലരും കൂടെ കൂടെ വിലപിക്കാറുള്ള ഇക്കാലത്തു് ഇതാ കവിതാ വാസനയുള്ള ഒരു അജ്ഞാത കവിയുടെ കവിത– "സ്മ രണ" മലയാളത്തിലെ കവികളുടെ പട്ടികയിലെങ്ങും തിരഞ്ഞാൽ അദ്ദേഹത്തെ കണ്ടുമുട്ടുകയില്ലായിരിക്കും. പ

DHARMARAM COLLEGE LIBRARY, BANGALORE. 19398

ക്ഷെ! അദ്ദേഹത്തിന്ന ഭംഗിയായി കവിത എഴുതുവാൻ കഴിയും എന്നു ഈ സ്മരണ എന്ന കവിതാസമാഹാരം സാക്ഷ്യം വഹിക്കുന്നു. ഇതിലെ കവിത എല്ലാംതന്നെ പൊതുവെ ആസ്വാദ്യകരങ്ങളാണെന്ന ചുരുക്കിപറയുക യേ വേണ്ടു! ആകയാൽ കൈരളീദേവിക്കു കുറെക്കൂടെ നല്ല പൂജാപുഷ്പങ്ങൾ കാഴ്ചവയ്ക്കുവാൻ മി. ജോസഫിന്ന് സാധിക്കുമെന്നതിൽ സംശയമില്ല. സഹൃദയലോകം അ ദ്ദേഹത്തിന്ന് വേണ്ട പ്രോത്സാഹനം നൽകുമെന്നു് പ്രതീ ക്ഷിക്കുന്നു. ശ്രീ മാൻവെട്ടത്തിന്ന ശോഭനമായ ഒരു ഭാവി യെ ഞാനും നേർന്നുകൊള്ളുന്നു.

എന്നു്, ശ്രീ. മുട്ടത്തുവർക്കി, ബി. ഏ.
ദീപിക, കോട്ടയം.

---

ഒരു യുവകവിയായ ശ്രീ. ജോസഫ് പി. മാൻ വെട്ടത്തിൻെറ സ്മരണയിലെ കവിതകൾ എല്ലാംത ന്നെ തത്വചിന്തയും അർത്ഥപുഷ്ടിയും അലങ്കാരഭംഗി യും ഒത്തിണങ്ങിയതാണു്. പുത്രവിയോഗം എന്ന കവിത നാലപ്പാടൻെറ കണ്ണുനീർത്തുള്ളിയോടു് കിടനിൽക്കുന്ന താണു് എന്നു പറയുന്നതിൽ അതിശയോക്തി ലവലേശം സ്പർശിച്ചിട്ടില്ല. "പന്തുകളി" എന്ന കുട്ടികളുടെ കവി ത രസപ്രദവും ഫലിതസമ്മിശ്രവുമായിരിക്കുന്നു. "ഭിക്ഷാ ക്കാരൻ" എന്ന കവിതയിലൂടെ നിരീക്ഷണപടുവായ ഒരു കവിയെ കാണുവാൻ ആക്കും സാധിക്കുന്നതാണു്. ശ്രീ. ജോസഫിനും പുസ്തകത്തിനും ശോഭനമായ ഭാവി ഉണ്ടാകുവാൻ ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

അപ്നാദേശ്, കോട്ടയം.

---

കല കലയ്ക്കുവേണ്ടിയോ ജീവിതത്തിനുവേണ്ടിയോ എന്നു് ആധുനികപണ്ഡിതന്മാരുടെ ഗൗരവമേറിയ വാദപ്രതിവാദത്തിനു് വിഷയമായിരിക്കുന്ന ഇക്കാലത്തു് ''സ്മരണ'' യുടെ കർത്താവായ ശ്രീ. ജോസഫ് കല ജീവിതത്തിനുവേണ്ടിയാണു് എന്നു വിശ്വസിക്കുന്നവരുടെ കൂട്ടത്തിലാണെന്നു് അദ്ദേഹത്തിന്റെ കവിതവഴി നമ്മെ മനസ്സിലാക്കുന്നു. അമ്മ, റിക്ഷാക്കാരൻ, പുത്രവിയോഗം, എന്ന തന്റെകവിതയിൽക്കൂടി ജീവിതത്തിന്റെ മഹത്വത്തേയും അതിന്റെ ക്ഷണഭംഗുരതയേയും സന്മാർഗ്ഗഗുണങ്ങളേയുംപററി സരസമായി പ്രതിപാദിച്ചിരിക്കുന്നു. വാസനാസമ്പന്നനായ ഈ യുവകവി ഭാവിയിൽ ഒരു മഹാകവിയായി തീരുവാൻ ദൈവം അനുഗ്രഹിക്കട്ടെ!

കർമ്മലകുസുമം, മാന്നാനം.

---

പ്രിയസുഹൃത്തേ താങ്കൾക്കു നമോവാകം!

''ധീരാ! ഭവൽ സ്മരണയെന്നുമെനിയ്ക്കുദിപ്പാൻ
പോരും ത്വദീയ കൃതിയാം സ്മരണാഖ്യകാവ്യം;
ഈരാറുവട്ടമുരുവിട്ടു, പഠിച്ചു ഞാനോ-
പോരായ്മ യോതുവതിനില്ലയെനിക്കു തെല്ലും!

ത്വദീയമാം ''പുത്രവിയോഗ'' കാവ്യ-

പ്രദീപ്തഭാവാത്മക സുന്ദരത്വം
ഹൃദിസ്ഥമാകുന്ന ഉവാക്കുമപ്പോ-
ളുദിക്കുമാനന്ദമവാച്യമല്ലോ!

കെ. എസ്സ്. ഭാസ്കരൻ ജോത്സ്യൻ,
മധുരവേലി.

---

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00019398*
T61 M32

# വെള്ളിപ്പൂക്കൾ



T61
M32

T61
M32

ജോസഫ് മാൻവെട്ടം.

Indic Digital Archive Foundation
gpura.org